# കേരള നിയമസഭ
# വജ്രജൂബിലി സ്മരണിക



കേരള നിയമസഭാ സെക്രട്ടറിയേറ്റ്



കേരള നിയമസഭ

# വജ്രജൂബിലി സ്മരണിക

## നിയമസഭാ സെക്രട്ടേറിയറ്റ്
## വിവരവിഭവ വികസന വിഭാഗം

| | |
|---|---|
| ജോയിന്റ് സെക്രട്ടറി : | മഞ്ജു വർഗ്ഗീസ് |
| അണ്ടർ സെക്രട്ടറി : | ജി.എസ്. സുരേഷ് കുമാർ |
| സെക്ഷൻ ഓഫീസർ : | ഷീല ടൈറ്റസ്<br>ദിനേഷ് കുമാർ കെ. |
| അസിസ്റ്റന്റ് : | നസിയ എം.എ.<br>രാഖി കെ..വി.<br>ജയപ്രസാദ്<br>മഞ്ജു യു.<br>ഷിബു കെ. |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് : | ബീനാ ജോസഫ്<br>മഞ്ജു എസ്. നാഥ്<br>പ്രഭ ആർ. |
| ഓഫീസ് അറ്റൻഡന്റ് : | അശ്വതി വി.എസ്. |

സ്പീക്കർ
കേരള നിയമസഭ



# അവതാരിക

നമ്മുടെ നിയമസഭയും ജനാധിപത്യവും ആറു പതിറ്റാണ്ടുകൾ പിന്നിടുന്നു. നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കുകയാണ്. ജനായത്ത കേരളത്തിന്റെ ആറു പതിറ്റാണ്ടിന്റെ സ്മരണിക കേവലം സ്ഥിതിവിവരക്കണക്കുകളുടേയോ സ്തുതിവാക്യങ്ങളുടേയോ സമാഹാരമാകേണ്ടതല്ല. അതുകൊണ്ടുതന്നെ ഒരു രചനയുടെ സർഗ്ഗാത്മക സ്വാതന്ത്ര്യവും ജനാധിപത്യത്തിന്റെ ചലനാത്മക രഥ്യകളും ഇതിലുണ്ടാകണമെന്ന കരുതലോടെയാണ് സ്മരണിക തയ്യാറാക്കിയത്. ഇത് പ്രതികരണങ്ങളുടെ സ്മരണികയാണ്. അതുകൊണ്ടാണ് ഇതിന്റെ പുറംചട്ടപോലും മാധ്യമസ്ഥാപനങ്ങൾ വഴി രൂപകല്പന ചെയ്യണമെന്ന് തീരുമാനിച്ചത്. ഞാൻ ഏറെ ബഹുമാനിക്കുന്ന വ്യക്തികളെ സംബന്ധിച്ച വിമർശനത്തിന്റെ വരകൾ ഇതിലുണ്ടാകാം. നിയമസഭയുടെയോ സർക്കാരിന്റെയോ പൊതുവായ നിലപാടുകളുമായി ഇതിലെ പ്രതികരണങ്ങൾ കലഹിച്ചുവെന്നുംവരാം.

സഭാദ്ധ്യക്ഷന്റെ അവധൂത മൗനഗാംഭീര്യത്തെക്കാൾ എനിക്ക് ചേർന്നുനിൽക്കാനാവുന്നത് സമൂഹത്തിന്റെ കലർപ്പില്ലാത്ത കലഹങ്ങളോടാണ്. നിയമസഭാ സെക്രട്ടേറിയറ്റിൽ പുതിയതായി രൂപീകരിച്ച വിവരവിഭവ വികസന വിഭാഗമാണ് ഈ സ്മരണിക തയ്യാറാക്കിയത്. പ്രത്യക്ഷമായും പരോക്ഷമായും ഈ സദുദ്യമത്തോട് സഹകരിച്ച എല്ലാപേർക്കും നിസ്സീമമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. ഈ സ്മരണിക ആറു പതിറ്റാണ്ട് പിന്നിട്ട കേരള നിയമസഭയുടെ സ്പന്ദനങ്ങളോട് എത്രയും അടുത്തു നിൽക്കുന്നു. ഒപ്പം നാം ഓരോരുത്തരോടും.

തിരുവനന്തപുരം
12-7-2018

**പി. ശ്രീരാമകൃഷ്ണൻ**

# കേരള നിയമസഭ
# വജ്രജൂബിലി സ്മരണിക

## ഉള്ളടക്കം


15 അണയാത്ത തീനാളം പോലെ ഇ.എം.എസ്.
ബി.ജയചന്ദ്രൻ

15 മൂല്യങ്ങളിലേക്ക് മടങ്ങുക
പി.ഗോപിനാഥൻ നായർ

15 കേൾക്കുമോ
കാടിനു തീ പിടിച്ചു കഴിഞ്ഞു
ബി.സുഗതകുമാരി

15 പല മെട്രോകൾ
ഒരേയൊരു മെട്രോമാൻ
ഡോ.ഇ.ശ്രീധരൻ

15 സിനിമയും മലയാളി സമൂഹവും
അടൂർ ഗോപാലകൃഷ്ണൻ

15 ജനാധിപത്യം, ദേശീയത
ചരിത്രകാരന്റെ വീക്ഷണത്തിൽ
ഡോ.കെ.എൻ. പണിക്കർ

15 നിയമസഭയും സിവിൽ സർവ്വീസും
സി.പി.നായർ

15 പത്മശ്രീയുടെ നിറവിൽ
ലക്ഷ്മിക്കുട്ടിയമ്മ

15 സബ്ജക്റ്റ് കമ്മിറ്റികൾ
ഒരു തിരിഞ്ഞുനോട്ടം
ആര്യാടൻ മുഹമ്മദ്

15 ജീവിതം സമരഭരിതം
വി.എസ്.അച്ചുതാനന്ദൻ

15 നേരിന്റെ വഴിയിൽ സധൈര്യം
ജസ്റ്റിസ്(റിട്ട.)ജെ.എം.ജെയിംസ്

15 സ്മരണകൾ...... അവിസ്മരണീയങ്ങൾ
ജസ്റ്റിസ്(റിട്ട.) ആർ.രാജേന്ദ്ര ബാബു

15 നിയമസഭ എന്റെ കാഴ്ചപ്പാടിൽ
ഡോ.എൻ.കെ.ജയകുമാർ

15 നിയമസഭാ സ്മരണകൾ
ഡോ.എം.സി.വൽസൻ

15 കേരളം വികസനരംഗത്തെ
സാധ്യതകൾ
എം.എ.യൂസഫലി

15 കേരള വികസനവും വെല്ലുവിളികളും
കേരള ശാസ്ത്രസാഹിത്യ പരിഷത്

15 ജനാധിപത്യം – വെല്ലുവിളികൾ
യുവ തലമുറ മനസു തുറക്കുന്നു
സിദ്ധാർത്ഥ് മാധവ്, നിലോഫർ റ്റി.

15 ജനതയും ജനാധിപത്യവും
ഇന്ത്യൻ അനുഭവം
പി.ശ്രീരാമകൃഷ്ണൻ

15 ആറു പതിറ്റാണ്ടിലെ
കേരള നിയമസഭയും സ്ത്രീകളും
ഡോ.ടി.എൻ.സീമ

15 കേരളം അറുപതിന്റെ നിറവിൽ
സാമൂഹ്യരംഗത്തെ വളർച്ച
ജി. സുധാകരൻ

15 CENTRE -STATE RELATIONS AND
CONSTITUTIONAL GOVERNANCE:
A BALANCE SHEET
Prof.N.R.Madhava Menon

15 DEMOCRACY DEFICIT
DR.K.N.Panikkar

15 ഇന്ത്യൻ ജനാധിപത്യം സപ്തതിയിൽ
ഒരു വിശകലനം
ഡോ.സെബാസ്റ്റ്യൻ എൻ.

15 വിവരാവകാശ നിയമം
കേരളത്തിൽ
വിൻസൺ എം. പോൾ

15 കേരളം– തെരഞ്ഞെടുപ്പ്
പരിഷ്കാരങ്ങളുടെ മാർഗ്ഗദർശി
സാബുപോൾ സെബാസ്റ്റ്യൻ

15 ജനാധിപത്യം എന്ന സ്വപ്നവും
സാക്ഷാത്കാരവും
വി.കെ.ബാബുപ്രകാശ്




15 **ചോദ്യോത്തരവേളയും നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും**
കെ.മുരളീധരൻ നായർ

15 **കേരള നിയമസഭാ സെക്രട്ടേറിയറ്റ് പിന്നിട്ട ആറ് പതിറ്റാണ്ടുകൾ**
റ്റി. മനോഹരൻ നായർ

15 **നിയമസഭാ കമ്മിറ്റികൾ കേരള നിയമസഭയുടെ അഭിമാന സ്തംഭങ്ങൾ**
ആർ.കിഷോർ കുമാർ

15 **സി.എച്ച്.മുഹമ്മദ് കോയ – ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയചരിത്രം സ്വന്തം ജീവചരിത്രമാക്കി മാറ്റിയ നേതാവ്**
എൻ.ഷംസുദ്ദീൻ എം.എൽ.എ.

15 **സി.അച്യുതമേനോനെ സ്മരിക്കുമ്പോൾ**
സി.കെ.ആശ എം.എൽ.എ.

15 **നായനാർ നാളെകളുടെ മന്ദഹാസം**
എം.മുകേഷ് എം.എൽ.എ.

15 **ലീഡർ കെ.കരുണാകരൻ: ക്രാന്തദർശിയായ ഭരണാധികാരി**
അനിൽ അക്കര എം.എൽ.എ.

15 **പി.കെ.വി.– മാനവികതയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച കമ്മ്യൂണിസ്റ്റ്**
ജി.എസ്.ജയലാൽ എം.എൽ.എ.

15 **വേർപാട് – കെ.കെ.രാമചന്ദ്രൻ നായർ വിമർശനത്തിന്റെ വരകൾ**

15 **ആദ്യ നിയമസഭാ ചോദ്യങ്ങൾ**

15 **കേരള നിയമസഭയിൽ ചർച്ച ചെയ്ത ആദ്യ അടിയന്തരപ്രമേയം**

15 **ആദ്യ അവിശ്വാസ പ്രമേയം**

15 **ഒന്നാം കേരള നിയമസഭാ തെരഞ്ഞെടുപ്പ്**

15 **നിയമസഭയിലെ വനിതാ അംഗങ്ങളും സ്വതന്ത്ര അംഗങ്ങളും**

15 **രാഷ്ട്രീയ പാർട്ടികൾ – അന്നും ഇന്നും**

15 **കേരള വിദ്യാഭ്യാസ നിയമം,1958**

15 **രാഷ്ട്രപതിയുടെ ആദ്യ നിയമസഭാ പ്രസംഗം**

15 **ആദ്യ നയപ്രഖ്യാപനപ്രസംഗം**

15 **വജ്രജൂബിലി പ്രഭാഷണങ്ങൾ**
പിണറായി വിജയൻ
കെ.ആർ.ഗൗരിയമ്മ
ജി.സുധാകരൻ
ഡോ.ടി.എം.തോമസ് ഐസക്
സീതാറാം യെച്ചൂരി
ജയറാം രമേഷ്


15 **വജ്രജൂബിലി ആഘോഷം**

റിപ്പോർട്ട്
ചിത്രജാലകം




# അണയാത്ത തീനാളം പോലെ ഇ.എം.എസ്.

**ബി.ജയചന്ദ്രൻ**
സീനിയർ പിക്ചർ എഡിറ്റർ
മലയാള മനോരമ



1969 ൽ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഞാൻ ഇ.എം.എസിനെ ആദ്യം കാണുന്നത്. തിരുവനന്തപുരത്ത് താമസിച്ചിരുന്ന വീടിനടുത്ത് സഹകരണ ബാങ്കിന്റെ ഉദ്ഘാടന ചടങ്ങിന് എത്തിയതാണ് അദ്ദേഹം.

വളരെ ദൂരെ വൈദ്യുതി വെളിച്ചത്തിൽ ഒരു കുറിയ മനുഷ്യൻ. വാചകങ്ങൾ മുറിച്ച് വിക്കോടെയുള്ള പ്രസംഗം. ജനക്കൂട്ടത്തിൽ നിന്ന് ഇടയ്ക്കിടെ കരഘോഷം. വാക്കുകളുടെ ആഴത്തിലുള്ള അർത്ഥങ്ങൾ ഉൾക്കൊള്ളാനുള്ള പക്വത അന്നെനിക്കുണ്ടായിരുന്നില്ല. അന്നു മുതൽ മനസ്സിൽ ഒരു ചോദ്യചിഹ്നമായി ആ രൂപവും അതിനെക്കാളേറെ ആ സ്വരവും തറച്ചു നിന്നു.



കാലം കടന്നു പോയി. പഠനത്തോടൊപ്പം വിദ്യാർത്ഥി രാഷ്ട്രീയത്തിലും പങ്കാളിയായി. ഫോട്ടോഗ്രാഫിയോടും അതിലെ കലയോടും താല്പര്യമുണ്ടായി. 1982 ൽ മലയാള മനോരമയിൽ പത്ര ഫോട്ടോഗ്രാഫറായി. കറുപ്പിലും വെളുപ്പിലും സമൂഹത്തിലെ ദുരന്തം, വിലാപം, സന്തോഷം, വഞ്ചന, കാപട്യം എല്ലാം പകർത്തി.

കൂടുതലും ക്ഷണികമായിരുന്നു. ചില സഹിഷ്ണുതയുടെ രൂപങ്ങളും കണ്ടു. അതിലൊന്നായിരുന്നു ഇ.എം.എസ്.

ലക്ഷോപലക്ഷങ്ങളുടെ ദാരിദ്ര്യത്തിനും പട്ടിണിക്കുമെതിരെ രാഷ്ട്രീയ മേഖലയിൽ പട നയിച്ച യോദ്ധാവ്.

പാർശ്വവത്ക്കരിക്കപ്പെട്ട അടിസ്ഥാന വർഗ്ഗത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ നേതൃത്വം നൽകിയ വിപ്ലവകാരി. സാമൂഹ്യ പരിഷ്കർത്താവ്, ലോകത്തിൽ ആദ്യമായി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി, അതിരറ്റ ബുദ്ധിശക്തിയുടെ ഇരിപ്പിടം, ഇതൊക്കെയായിരുന്നു എനിക്ക് ഇ.എം.എസ്.

# മൂല്യങ്ങളിലേക്ക് മടങ്ങുക



നിങ്ങൾ ജനങ്ങളെ മതാതീതമായ മാനവത്വം എന്തെന്ന് പഠിപ്പിക്കണമെന്നും മതത്തിന്റെയും കക്ഷിയുടെയും പേരിൽ വോട്ട് പിടിക്കുന്നവരുടെ ഇടയിൽ സ്വകാര്യമില്ലാതെ പരമാർത്ഥമായി ഒരു പ്രവർത്തനം നടത്തുകയാണ് പ്രധാനമായും ചെയ്യാനുള്ളതെന്നും ഗാന്ധിജി പറഞ്ഞു. ഞാനെന്ന വിചാരം എത്രയും കുറവുള്ള ഒരു ജനതയുണ്ടായാൽ അവിടെ സ്വാതന്ത്ര്യം നിലനിൽക്കും.

പട്ടിണി, അനാചാരം, അന്ധവിശ്വാസം തുടങ്ങിയവ നിലനിൽക്കുന്നതായ രാജ്യത്ത് എവിടെയെങ്കിലും മാന്യമായ ശമ്പളം വാങ്ങി ജീവിക്കണമെന്ന് വിചാരിക്കുന്ന നിങ്ങൾ ഈ രാജ്യത്ത് എന്തിന് ജനിച്ചുവെന്നാണ് സ്വാമി വിവേകാനന്ദൻ ചോദിച്ചത്. ഉദ്യോഗത്തിനുവേണ്ടിയും ശമ്പളത്തിനുവേണ്ടിയും പഠിക്കരുതെന്നും സേവന പ്രവർത്തനങ്ങൾ ചെയ്യണമെന്നുമാണ് അദ്ദേഹം പറഞ്ഞത്.

കേരള നിയമസഭയുടെ വജ്രജൂബിലി സ്മരണികയ്ക്കായി പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും ഗാന്ധിയനും ഗാന്ധി സ്മാരക നിധിയുടെ മുൻ പ്രസിഡന്റുമായ പി.ഗോപിനാഥൻ നായരുമായി നെയ്യാറ്റിൻകരയിലെ അദ്ദേഹത്തിന്റെ വസതിയിൽ വച്ച് നിയമസഭാ സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി കെ.ഗോപകുമാരൻ പിള്ള നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്ന്;

**അറുപത് വർഷം പിന്നിട്ട കേരള നിയമസഭയുടെ പ്രവർത്തനം എങ്ങനെ വിലയിരുത്തുന്നു?**

ജനങ്ങൾക്ക് നിയമസഭയിലും പാർലമെന്റിലുമുള്ള വിശ്വാസം വളരെയധികം നഷ്ടപ്പെട്ടു വരുന്നു. അവിടെ ഒന്നും നടക്കുന്നില്ലെന്നതാണ് അതിന് കാരണം. കഴിഞ്ഞ പാർലമെന്റ് സമ്മേളനവും ഒരു വിഷയവും അവതരിപ്പിക്കാൻ കഴിയാത്തവിധം ബഹളമയമായിരുന്നു. ജനാധിപത്യത്തെ കക്ഷിരാഷ്ട്രീയമാക്കി മാറ്റിയിരിഓക്കുകയാണ്. കക്ഷികൾ തമ്മിലുള്ള മത്സരമാണ് നടക്കുന്നത്. കക്ഷിരാഷ്ട്രീയമെന്നത് അധികാര രാഷ്ട്രീയമായി മാറിയിരിക്കുന്നു.

ശരിയായ അർത്ഥത്തിലുള്ള ജനാധിപത്യത്തെ തിരിച്ചു കൊണ്ടുവരുകയെന്നത് എളുപ്പമുള്ള കാര്യമല്ല. 'ഹിന്ദ് സ്വരാജ്' എന്നൊരു പുസ്തകവുമായാണ് ഗാന്ധിജി സൗത്താഫ്രിക്കയിൽ നിന്നും ഇന്ത്യയിലേയ്ക്ക് വന്നത്. അയ്യായിരം വർഷത്തോളമായി ജനങ്ങളുടെ ഇടയിൽ നിന്ന് അവരുടെ അഭിപ്രായങ്ങൾ രൂപീകരിച്ച് നിലനിർത്തിക്കൊണ്ട് പോകാനുള്ളൊരു ജീനിയസ് ഇന്ത്യയ്ക്കുണ്ടായിരുന്നു. അതാണ് 'ഹിന്ദ് സ്വരാജ്'- ഇന്ത്യയുടെ സ്വരാജ് എന്ന തത്വം. എന്റെയും നിങ്ങളുടെയും രാജ്യമല്ല. അത് ജനങ്ങളുടെ എല്ലാവരുടെയും കൂടി രാജ്യമാണ്. അതിന്റെ ആദിയിൽ 'രാമരാജ്' എന്നാണ് പറയുന്നത്. ശ്രീരാമനാണ് ഈ രാജ്യത്ത് ഇതുവരെ ഭരിച്ച എല്ലാ രാജാക്കന്മാരുടെയും മുകളിൽ ശരിയായ, ജനപ്രിയനായ ജനാഭിപ്രായം നോക്കുന്ന, തത്വദീക്ഷയുള്ള, തന്റെ കാര്യം മറന്ന ഒരു രാജാവ്. അതുകൊണ്ടാണ് 'രാമരാജ്' കൊണ്ടുവരണമെന്ന് ഗാന്ധിജി പറഞ്ഞത്. രാജാവായിരിക്കുമ്പോൾ ശ്രീരാമൻ ഭരണത്തെക്കുറിച്ച് എല്ലാവരോടും അന്വേഷിക്കുമായിരുന്നു. ഇന്നാണെങ്കിൽ സ്വന്തം കക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ.യോ മറ്റാരെങ്കിലുമോ അഴിമതി നടത്തിയാൽ അവനെ രക്ഷിക്കുന്നതിനായി പാർട്ടിയിലൂടെ എല്ലാവരും ഒരുമിച്ച് നിൽക്കും. അത് ശരിയാണെന്ന് തെളിയിക്കാൻ മന്ത്രിയും കൂട്ടു നിൽക്കും. രാജാവ് എല്ലാ തരത്തിലുമുള്ള ആരോപണങ്ങൾക്കും മുകളിൽ നിൽക്കണം. സത്യനിഷ്ഠ വേണം.

നവഖാലിയിൽ പോകുന്നതിനായി കൽക്കട്ടയിൽ എത്തിയ ഗാന്ധിജി നഗരം ചുറ്റിയപ്പോൾ അവിടെ മുഴുവൻ ലഹള നടക്കുകയാണെന്ന് മനസ്സിലായി. നമുക്ക് സ്വാതന്ത്ര്യം ലഭിച്ചിരിക്കുകയാണെന്നും ലഹള അവസാനിപ്പിക്കണമെന്നും അദ്ദേഹം അവിടെയുള്ളവരോട് അഭ്യർത്ഥിച്ചു. അടുത്ത ദിവസം അദ്ദേഹം ഉപവാസം തുടങ്ങാൻ പോകുകയാണെന്ന് അറിയിച്ചു. ഓരോ സ്ഥലത്തും എന്ത് നടക്കുന്നു എന്നറിയാൻ അടുത്ത ദിവസം രാവിലെ മുതൽ സർക്കാർ അന്വേഷണം തുടങ്ങി. ഒരിടത്തും ലഹളയില്ലെന്ന റിപ്പോർട്ടാണ് അവർക്ക് ലഭിച്ചത്. എല്ലാം ശാന്തമായിരിക്കുന്നു. ഉപവാസം അനുഷ്ഠിക്കാൻ പോകുന്നുവെന്ന ഗാന്ധിജിയുടെ പ്രഖ്യാപനമാണ് അതിന് കാരണം. അത് വലിയൊരു അത്ഭുതമായിരുന്നു. ലോകത്തുള്ള എല്ലാ പത്രങ്ങളും അക്കാര്യം റിപ്പോർട്ട് ചെയ്യുകയുണ്ടായി. The Calcutta Miracle എന്നായിരുന്നു പത്രങ്ങളുടെ തലക്കെട്ട്. എന്താണ് സംഭവിച്ചതെന്ന് മൗണ്ട് ബാറ്റൺ പ്രഭുവിനോട് പത്രക്കാർ ചോദിച്ചപ്പോൾ, പഞ്ചാബിൽ നടക്കുന്ന ലഹളയെ നിയന്ത്രിക്കുന്നതിനായി സർക്കാരിന്റെ 72,000 പട്ടാളക്കാരെയാണ് അയച്ചിരിക്കുന്നത്. എന്നാൽ സഹായത്തിന് ഒരാൾ പോലുമില്ലാതെ കൽക്കത്തയിൽ ഒരു മനുഷ്യൻ തന്റെ സത്യപ്രഖ്യാപനം ചെയ്തപ്പോൾ സർവ്വവും സമാധാനപരമായി എന്നതിനു തുല്യമായി ലോകത്തിൽ ഒരു സംഭവവും ഉണ്ടായിട്ടില്ലെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. "Gandhi has thrown a spiritual Atom Bomb in Calcutta" എന്നാണ് ബർട്രാന്റ് റസ്സൽ പറഞ്ഞത്.

ലക്ഷോപലക്ഷം ആളുകളുടെ ഹൃദയത്തിനുള്ളിൽ നിറഞ്ഞു നിൽക്കുന്ന വിദ്വേഷാഗ്നിയെ മുഴുവൻ തന്റെ സ്നേഹശക്തികൊണ്ട് ഇല്ലാതാക്കാൻ ഗാന്ധിജിക്ക് സാധിച്ചു. 'ഞാൻ' എന്ന വിചാരം എത്രമാത്രം മാറ്റിവയ്ക്കുന്നുവോ അത്രയും നമുക്ക് ആധ്യാത്മികതയുണ്ടാകും. ഇപ്പോഴത്തെ നമ്മുടെ ജനാധിപത്യത്തിൽ ഓരോ ാരുത്തരും പ്രവേശിക്കുന്നത് 'ഞാൻ' എന്നും 'എനിക്ക്' എന്നും പറഞ്ഞുകൊണ്ടാണ്. പത്തുപതിനൊന്ന് കൊല്ലം ഞാൻ സേവാഗ്രാം ആശ്രമത്തിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയുണ്ടായി. അതിന്റെ പേരിൽ എനിക്കായി ഒന്നും ഞാൻ സമ്പാദിച്ചിട്ടില്ല. ശമ്പളവും വാങ്ങിയിട്ടില്ല. ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതം സത്യത്തിന്റെ മാർഗ്ഗത്തിലൂടെ നയിക്കുന്നതിന് നിങ്ങളെപ്പോലുള്ളവരുടെ ജീവിതം ചെലവഴിക്കണമെന്ന് ഗാന്ധിജി ഞങ്ങളോട് പറഞ്ഞു. നിങ്ങൾ ജനങ്ങളെ മതാതീതമായ മാനവത്വം എന്തെന്ന് പഠിപ്പിക്കണമെന്നും മതത്തിന്റെയും കക്ഷിയുടെയും പേരിൽ വോട്ട് പിടിക്കുന്നവരുടെ ഇടയിൽ സ്വകാര്യമില്ലാതെ

ചെറിയ യൂണിറ്റുകളിലാണ് എപ്പോഴും ജനാധിപത്യം വിജയിക്കുന്നത്.അതുകൊണ്ട് ചെറിയ യൂണിറ്റിലുള്ള പ്രതിനിധികൾ ചേർന്ന് കുറേക്കൂടി വലിയ യൂണിറ്റിലേയ്ക്കും അസംബ്ലിയിലേയ്ക്കും ആളുകളെ അയയ്ക്കുന്നൊരു സംവിധാനം വേണം.



വരികയുള്ളൂ. നിയമസഭയിലെ അംഗങ്ങൾ കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ വരാൻ പാടില്ല. ജില്ലാ പഞ്ചായത്തിലേയ്ക്കുള്ള പ്രതിനിധികളെ പഞ്ചായത്തിൽനിന്ന് അയയ്ക്കണം. ഒരു നിയോജകമണ്ഡലത്തിലുള്ള പഞ്ചായത്തുകൾ ചേർന്ന് ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കേണ്ടത് ആരെന്ന് നിശ്ചയിച്ചാൽ ഇത് ശരിയായ അടിസ്ഥാനത്തിൽ വരും. വ്യക്തികൾ ഒരുമിച്ച് കൂടുമ്പോൾ അവരുടെ നല്ല അംശങ്ങളായിരിക്കും അവിടെ പ്രതിഫലിക്കുന്നത്. ചെറിയ യൂണിറ്റുകളിലാണ് എപ്പോഴും ജനാധിപത്യം വിജയിക്കുന്നത്. അതുകൊണ്ട് ചെറിയ യൂണിറ്റിലുള്ള പ്രതിനിധികൾ ചേർന്ന് കുറേക്കൂടി വലിയ യൂണിറ്റിലേയ്ക്കും നിയമസഭയിലേയ്ക്കും ആളുകളെ അയയ്ക്കുന്നൊരു സംവിധാനം വേണം. അങ്ങനെ ആയാൽ കക്ഷി രാഷ്ട്രീയത്തിന്റെ ഇന്നത്തെ സമ്പ്രദായത്തിൽ മാറ്റം വരും.

തയ്യാറാക്കിയത്:
**ദിനേഷ് കുമാർ കെ.,** സെക്ഷൻ ഓഫീസർ
**മഞ്ജു എസ്.നാഥ്,** കമ്പ്യൂട്ടർ അസിസ്റ്റന്റ്







# കേൾക്കുമോ
# കാടിനു തീപിടിച്ചു കഴിഞ്ഞു

**അട്ടപ്പാടിയിലെ മൊട്ടക്കുന്നുകളിലൊന്നിനെ കൃഷ്ണവനമാക്കി. സൈലന്റ് വാലി, പാത്രക്കടവ്, പൂയംകുട്ടി, ആതിരപ്പള്ളി, ആറന്മുള, മുച്ചിക്കുണ്ട്, മാവൂർ റയോൺസ്, പേരൂർക്കട മനോരോഗാശുപത്രി എന്നിങ്ങനെ ... അരുതെന്ന് പറയേണ്ടപ്പോഴൊക്കെ അത് വിളിച്ചു പറഞ്ഞു. കേരളത്തിലെ പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങളിൽ ഭരണകൂടത്തിനെതിരെ കൊമ്പുകോർത്തു. അഗതികൾക്ക് അഭയമായി. നിരാശ്രയർക്ക് അമ്മയായി. മാതൃഭാഷ പെറ്റമ്മ തന്നെയെന്ന് ഓർമ്മപ്പെടുത്തി.**

**സ്മരണികയ്ക്കായി സുഗതകുമാരിയെ സമീപിച്ചു. അനുജത്തിയുടെ രോഗാതുരതയോർത്ത് അവർ കടുത്ത മാനസികവ്യഥയിലായിരുന്നു. എങ്കിലും പിറ്റേന്നുതന്നെ കാണാമെന്ന് പറഞ്ഞു. ഒരു വിലാപമായി, പ്രാർത്ഥനയായി, മുറവിളിയായി ആ വാക്കുകൾ .....**



# പല മെട്രോകൾ ഒരേയൊരു മെട്രോമാൻ

മെട്രോ വിപ്ലവത്തിന്റെ അമരക്കാരനായ ഡോ.ഇ. ശ്രീധരൻ ഗതാഗത രംഗത്തെ സാധ്യതകളേയും വെല്ലുവിളികളേയും കുറിച്ച് നിയമസഭാ വജ്രജൂബിലി സ്മരണികയ്ക്കായി സംസാരിക്കുന്നു.

**ലൈറ്റ് മെട്രോ പദ്ധതി കേരളത്തിന് എത്രമാത്രം ഗുണകരമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്? ലൈറ്റ് മെട്രോയുടെ economic viability സംബന്ധിച്ച്?**

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് നേരിട്ട് കൊണ്ടിരിക്കുകയാണ്. കടയുടമകളുടേയും ഭൂവുടമകളുടേയും ഭാഗത്തു നിന്നുമുണ്ടാകാവുന്ന ശക്തമായ എതിർപ്പും ഉയർന്ന ചെലവും കാരണം റോഡുകൾ വീതികൂട്ടുകയെന്നത് പ്രായോഗികമല്ല. ആയതിനാൽ ഈ രണ്ടു നഗരങ്ങളിലും റെയിൽ അധിഷ്ഠിത റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം അനിവാര്യമാണ്. ഇത് മൂലം റോഡപകടങ്ങളും മലിനീകരണവും കുറയ്ക്കുവാൻ കഴിയും. ലൈറ്റ് മെട്രോ പദ്ധതികൾ വൈകുകയാണെങ്കിൽ നിർവ്വഹണ ചെലവ് ഉയരുകയും സ്ഥലമെടുപ്പ് കൂടുതൽ പ്രയാസകരമാവുകയും ചെയ്യും. ലൈറ്റ് മെട്രോയുടെ ഭാഗമായി പ്രധാന ജംഗ്ഷനുകളിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഫ്ളൈ ഓവറുകൾ പണിയുന്നതിനും പദ്ധതിയുണ്ട്.



സാമ്പത്തിക ലാഭസാധ്യത നോക്കിയാൽ ഒരു മെട്രോ പ്രോജക്ടും പ്രായോഗികമല്ല. സ്കൂളുകളും ആതുരാലയങ്ങളും പോലെയുള്ള സാമൂഹ്യ പ്രോജക്ടുകളാണ് ഇവ. റോഡ് ഗതാഗതത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ പൂർണമായ ചെലവ് സർക്കാരും വാഹന സൗകര്യം ഒരുക്കുന്നതിന്റെ ചെലവ് വാഹന ഉടമകളുമാണ് വഹിക്കുന്നത്. എന്നിട്ടും KSRTC പോലെയുള്ള സ്ഥാപനങ്ങൾ നഷ്ടത്തിലാവുന്നു. എന്നാൽ മെട്രോയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ചെലവുകളും വഹിക്കുന്നത് മെട്രോയാണ്. എന്നിരുന്നാലും മെട്രോ പ്രോജക്ടുകളിൽ നിന്ന് സമുദായത്തിനുള്ള നേട്ടം മെട്രോ പ്രോജക്ടുകൾ അനുവദിക്കുന്നതിന് ഭാരത സർക്കാർ നിശ്ചയിച്ചിരിക്കുന്ന ബെഞ്ച് മാർക്ക് ആയ 14 ശതമാനത്തിലും കൂടുതലാണ്. ആയതിനാൽ സാമ്പത്തിക ലാഭസാധ്യതയുടെ അടിസ്ഥാനത്തിൽ അപ്രായോഗികത ചൂണ്ടിക്കാണിച്ച് ലൈറ്റ് മെട്രോ പദ്ധതികൾ വൈകിപ്പിക്കുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല.

**ഇന്ത്യയുടെ റെയിൽ ഗതാഗത രംഗത്തെ വിപ്ലവം തന്നെയായിരുന്നു മെട്രോ റെയിൽ സംവിധാനം. ഇത്തരം പുതിയ സംവിധാനങ്ങളോട് പൊതുവിൽ നമ്മുടെ ഭരണകൂടങ്ങളുടെ പ്രതികരണം എപ്രകാരമായിരുന്നു?**

ഡെൽഹി മെട്രോ ഉൾപ്പെടെ ഇപ്പോൾ രാജ്യത്ത് 13 മെട്രോ പദ്ധതികൾ നടന്നു വരുന്നുണ്ട്. ഈ പദ്ധതികളുടെയെല്ലാം സ്പോൺസർമാർ ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളാണ്. പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാന സർക്കാരുകൾ പൂർണ്ണ സഹകരണം നൽകുകയും ചെയ്യുന്നു. ഒരു സംസ്ഥാന സർക്കാരിനും നാളിതുവരെ മെട്രോയുടെ പ്രവർത്തനച്ചെലവിന് സബ്സിഡി നൽകേണ്ടി വന്നിട്ടില്ല.

**ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കുവാൻ meticulous planning ആവശ്യമാണ്. അത് എപ്രകാരമാണ് തയ്യാറാക്കുന്നത്? അവലംബിക്കുന്ന രീതി എന്താണ്?**

പദ്ധതി പൂർത്തീകരണത്തിനുള്ള സമയപരിധിയും സാമ്പത്തിക സ്രോതസ്സും ഉൾപ്പെടുന്ന ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയെന്നതാണ് ആദ്യ പ്രധാന നടപടി. സമയബന്ധിതമായ പൂർത്തീകരണം പ്രധാനമായും പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കുന്ന ലീഡറുടെ കാര്യശേഷിയെ ആശ്രയിച്ചിരിക്കും. സമയക്രമം കർശനമായി പാലിക്കുവാൻ കഴിഞ്ഞാൽ പദ്ധതി കൃത്യസമയത്ത് പൂർത്തീകരിക്കാൻ സാധിക്കും.

**റെയിൽ, റോഡ് വികസനത്തിനുവേണ്ടി സ്ഥലമേറ്റെടുക്കൽ ഒരു പ്രധാന വെല്ലുവിളിയാണ്. ഭൂവിസ്തൃതി കുറഞ്ഞതും ജനസാന്ദ്രതയേറിയതുമായ കേരളത്തിൽ ഭൂമി ഏറ്റെടുക്കൽ വളരെ സെൻസിറ്റീവായ ഒരു കാര്യമായി മാറിയിരിക്കുന്നു. കൊങ്കൺ റെയിൽവേ നിർമ്മാണത്തിലുൾപ്പെടെ ഇത്തരം പ്രശ്നങ്ങളെ അങ്ങ് ഫലപ്രദമായും തന്ത്രപരമായും മറികടന്നിട്ടുണ്ട്. ഇക്കാര്യത്തിലെ നിരീക്ഷണങ്ങൾ?**

ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പുതിയ നിയമം മൂലം സ്ഥലമേറ്റെടുപ്പ് ദുഷ്ക്കരമാകുകയും അതുവഴി പദ്ധതികൾ അനന്തമായി നീളുന്നതിനും പദ്ധതിച്ചെലവ് വർദ്ധിക്കുന്നതിനും ഇടയാകുന്നു. കൊങ്കൺ റെയിൽവേയ്ക്ക് വേണ്ടി നാൽപ്പതിനായിരം ഭൂവുടമകളിൽ നിന്ന് ഭൂമി ഏറ്റെടുക്കേണ്ടതായി വന്നു. ഓരോ ഭൂവുടമയേയും വ്യക്തിപരമായി ബന്ധപ്പെടുകയും, അടിയന്തരമായി ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത അവരെ



ബോദ്ധ്യപ്പെടുത്തുകയും, അവരുടെ താൽപര്യങ്ങളെ സംരക്ഷിച്ചുകൊണ്ടും അസൗകര്യങ്ങളെ ലഘൂകരിച്ചുകൊണ്ടുമുള്ള ഒരു തുറന്ന സമീപനം സ്വീകരിച്ച് ഇക്കാര്യത്തിൽ കൊങ്കൺ റെയിൽവേ മുന്നിട്ടിറങ്ങിയതിനാൽ തടസ്സങ്ങളില്ലാതെ ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കാനായി.

**പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള നയരൂപീകരണത്തെയും സർക്കാരിന്റെ മുൻഗണനാ സമീപനത്തേയും കുറിച്ച്?**

പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിൽ സർക്കാരുകൾ പൊതുവിൽ വിമുഖത കാണിക്കുന്ന പ്രവണതയാണുള്ളത്. സുരക്ഷിതവും വേഗതയുള്ളതും വിശ്വസനീയവുമായ പൊതുഗതാഗത സംവിധാനത്തിന്റെ അഭാവത്തിൽ ജനങ്ങൾ സ്വകാര്യവാഹനങ്ങളെ ആശ്രയിക്കുകയും ഇതുമൂലം ഗതാഗതക്കുരുക്കും മലിനീകരണവും വർദ്ധിക്കുന്നതിനിടയാക്കുകയും ചെയ്യുന്നു. ജനസേവനം എന്നതിനു പകരം പൊതുഗതാഗത സംവിധാനത്തെ ലാഭമുണ്ടാക്കാനുള്ള വ്യവസായ സംരംഭമെന്ന നിലയിൽ സർക്കാർ സമീപിക്കുന്നതാണിതിന് പ്രധാന കാരണം.


**വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം, വായു മലിനീകരണം, ശബ്ദ മലിനീകരണം, വാഹനാപകടങ്ങൾ എന്നിവ നമ്മുടെ പ്രധാന പ്രശ്നങ്ങളാണ്. ഡൽഹി പോലുള്ള നഗരങ്ങളിൽ ഇത് ഭീതിജനകമായ അവസ്ഥയിലേക്ക് മാറിയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ നയവും സമീപനവും എന്തായിരിക്കണമെന്നാണ് കരുതുന്നത്?**

റെയിൽ -റോഡ് അടിസ്ഥാനമാക്കിയുള്ള പൊതുഗതാഗത സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ടും അവയെ വിശ്വസനീയവും

ആദിവാസികൾക്കുവേണ്ടി ഉണ്ടാക്കിയ ഭവന പരിപാടി പോലും അവിടെ താമസിക്കേണ്ടവരുമായി ആശയവിനിമയം നടത്താതെയാണ് നടപ്പാക്കിയത്. അതിന്റെ ഫലമായി അവർക്ക് നിർമ്മിച്ചു കിട്ടിയ വീടുകളിൽ ആടുമാടുകളെ കെട്ടാനാണ് ഉപയോഗിച്ചത്.

**കേരള സമൂഹം കൂടുതൽ യാഥാസ്ഥിതികമായി മാറുന്നുവെന്ന് തോന്നുന്നുണ്ടോ? ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനു നേരെ ഉയരുന്ന വെല്ലുവിളികളെ എങ്ങനെ നോക്കിക്കാണുന്നു?**

കൂട്ടം ചേർന്നുള്ള പോരുകളും ആൾക്കുരുതികളും രാഷ്ട്രീയപാർട്ടികൾ ഒരു അജൻഡയായി കൊണ്ടു നടക്കുന്നു. പറഞ്ഞുതീർക്കേണ്ട വിഷയങ്ങൾ കൊന്ന് തീർക്കാനാണ് ഓടിക്കൂടുന്നത്. മനുഷ്യത്വമാണ് കുരുതിയാവുന്നത്. കുടിപ്പകകൾ കെട്ടടങ്ങാതെ



മനുഷ്യരക്തം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. നല്ലൊരന്തരീക്ഷമല്ല കേരളത്തിന്റെ ഉത്തരദേശങ്ങളിൽ നിലനിൽക്കുന്നത്.

**മലയാളത്തിൽ നല്ല സിനിമകൾ ഉണ്ടാകാത്തതിന് കാരണം നല്ല കഥകളുടെ ദൗർലഭ്യം മൂലമാണെന്ന് സമകാലിക സംവിധായകർ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രഗൽഭരായ എഴുത്തുകാരുടെ കഥകൾ സിനിമയാക്കിയ സംവിധായകൻ എന്ന നിലയിൽ ഇക്കാര്യത്തെ അങ്ങ് എങ്ങനെ നോക്കിക്കാണുന്നു?**

നല്ല സിനിമാ സംവിധായകരാണ് ഇല്ലാത്തത്. കഥയ്ക്ക് കുറ്റം പറയുന്ന സംവിധായകൻ ആ തൊഴിലിന് കൊള്ളാത്തവനാണ്. ചുറ്റും നോക്കിയാൽ നമ്മുടെ ചുറ്റും എത്ര കഥകളാണ്...!

**വാണിജ്യസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സിനിമ ഒരു ബിഗ് ബജറ്റ് വ്യവസായമായി മാറുമ്പോൾ കലാമൂല്യം പലപ്പോഴും ചോർന്നുപോകുകയാണ് ചെയ്യുന്നത്. കലാമൂല്യമുള്ള സിനിമകൾക്ക് മതിയായ പ്രോത്സാഹനം ലഭിക്കുന്നുണ്ടോ? സർക്കാർ തലത്തിൽ എന്ത് നടപടികളാണ് ഇതിനായി സ്വീകരിക്കേണ്ടത്?**

ഗവൺമെന്റ് നിയോഗിച്ച ഞാൻ അദ്ധ്യക്ഷനായ കമ്മിറ്റി ഈ വിഷയത്തിൽ വിശദമായ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാക്കുകയേ വേണ്ടൂ.

**ചലച്ചിത്രമേളകളും ഫിലിം സൊസൈറ്റികളും സിനിമയുടെ വളർച്ചയ്ക്കും വികാസത്തിനും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഇക്കാലത്ത് മേളകൾക്കും സൊസൈറ്റികൾക്കും വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നുണ്ടോ? അവയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് നിർദ്ദേശിക്കാനുള്ളത്?**

ഈ വിഷയവും മേൽപ്പറഞ്ഞ റിപ്പോർട്ടിൽ കാര്യമായി പ്രതിപാദിച്ചിട്ടുണ്ട്.

**മലയാള സിനിമയിലെ പുതുതലമുറ സംവിധായകർ, നടീനടന്മാർ, ടെക്നീഷ്യന്മാർ എന്നിവരെ സംബന്ധിച്ച പ്രതീക്ഷകൾ?**

പുതിയ സംവിധായകരിൽ പലരും പ്രതിഭയുള്ളവരാണ്. അവർ ഒത്തുതീർപ്പുകൾക്ക് ഒരുങ്ങാതെ തങ്ങളുടെ മാദ്ധ്യമത്തിൽ കൂടുതൽ കയ്യടക്കം നേടി ലോകസിനിമയിൽത്തന്നെ ഇടം നേടണം.

**മലയാള സിനിമാ സംഘടനകളുടെ സ്വാധീനം സിനിമയ്ക്ക് എത്രത്തോളം ഗുണകരമാണ്?**

സങ്കുചിതമായ ലക്ഷ്യങ്ങളോടെയുള്ള സംഘടനകൾ ഗുണം ചെയ്യില്ല. സിനിമാ വ്യവസായത്തെയും അതിന്റെ അഭ്യുന്നതിയെയും മുന്നിൽ കണ്ട് വേണം സംഘടനകൾ പ്രവർത്തിക്കുവാൻ.

**കലാ-സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികൾ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് കടന്നുവരികയും വിജയപരാജയങ്ങൾ രുചിക്കുകയും ചെയ്തിട്ടുണ്ട്. കലാസാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവർ രാഷ്ട്രീയ രംഗത്തേക്ക് കടന്നുവരുന്നതിനെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കാമോ?**

കലാ-സാംസ്കാരിക രംഗങ്ങളിലുള്ളവർ പൊതുജനസേവനത്തിൽ തൽപരരാണെങ്കിൽ മാത്രമേ രാഷ്ട്രീയത്തിൽ പ്രവേശിക്കാവൂ. രാഷ്ട്രീയം, മുഴുവൻ സമയപ്രവർത്തനമാണ്. അവിടെ ഉയർന്ന് വരുവാൻ പല വിധത്തിലുള്ള ത്യാഗങ്ങൾക്കും തയ്യാറാവേണ്ടി വരും. നമ്മടെ മുമ്പിൽ കാണുന്നത് പലപ്പോഴും മറിച്ചാണ്. രാഷ്ട്രിയപ്രവർത്തനത്തിനിറങ്ങിയ പലരും പെട്ടെന്നാണ് കോടികളുടെ സ്വത്തുടമകളാവുന്നത്.

**തയ്യാറാക്കിയത് :**
**ജയപ്രസാദ്,** അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
**പ്രഭ ആർ.,** കമ്പ്യൂട്ടർ അസിസ്റ്റന്റ്







# ജനാധിപത്യം, ദേശീയത
## ചരിത്രകാരന്റെ വീക്ഷണത്തിൽ

**ചരിത്രകാരൻ, അദ്ധ്യാപകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ ഉന്നതശീർഷനായ ഡോ.കെ.എൻ.പണിക്കർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് ചെയർമാൻ, കേരള സർക്കാരിന്റെ ടെക്സ്റ്റ് ബുക്ക് റിവ്യൂ കമ്മിറ്റി ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഡോ.കെ.എൻ.പണിക്കരുമായി സ്പീക്കറുടെ പ്രസ് സെക്രട്ടറി ഡോ.പി.ജെ. വിൻസെന്റ് നടത്തിയ കൂടിക്കാഴ്ചയിൽ നിയമസഭ, പാർലമെന്ററി ജനാധിപത്യം എന്നിവ സംബന്ധിച്ച അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ വ്യക്തമാക്കുകയുണ്ടായി.**

**ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഭാരതം. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയുടെ ഗുണനിലവാരത്തെ സംബന്ധിച്ച് വ്യത്യസ്ത തലങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. പ്രൊപ്പോർഷനേറ്റ് ഡെമോക്രസിയിലേയ്ക്ക് നീങ്ങുന്നത് ഗുണകരമാണോ എന്നുള്ള ആലോചനയും നടക്കുന്നുണ്ട്. കേരള നിയമസഭയുടെ പ്രവർത്തനങ്ങളും ഇന്ത്യൻ ജനാധിപത്യത്തിന്റെ വികാസ പരിണാമങ്ങളും സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?**

ഒരർത്ഥത്തിൽ ജനാധിപത്യം വിജയിച്ച രാഷ്ട്രമാണ് ഇന്ത്യ. ജനാധിപത്യത്തിന് പല തിരിച്ചടികൾ ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ഇന്ത്യയിൽ ജനാധിപത്യം ഒരു വ്യവസ്ഥ എന്നുള്ള നിലയിൽ വിജയിച്ച ഒന്നാണ്. പലപ്പോഴും പല അപവാദങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യൻ ജനാധിപത്യം അതിന്റെ അടിസ്ഥാനപരമായ ആശയത്തിൽ നിലകൊള്ളുന്നുവെന്നുള്ളത് നമുക്കറിയാം. ലോകത്തിലെ മറ്റ് പല രാജ്യങ്ങളിലും ജനാധിപത്യത്തിന് തിരിച്ചടി സംഭവിച്ചപ്പോഴും ഇന്ത്യൻ ജനാധിപത്യം അതിജീവിച്ചു. ഒരു വ്യവസ്ഥ എന്ന

ബ്രിട്ടൺ അടക്കമുള്ള പാർലമെന്ററി ജനാധിപത്യം നിലവിലുള്ള രാജ്യങ്ങളിൽ ഇത്തരം കമ്മിറ്റികൾ നിലവിലുണ്ടായിരുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം അവഗാഹമായി പഠിച്ച് കേരളത്തിലും ഇത് പ്രാവർത്തികമാക്കാൻ ഏറ്റവും മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചത് ഡോ. പ്രസന്നനായിരുന്നു. ഇതിന് നിയമസഭയിൽ ഒരു കമ്മിറ്റിവെക്കുകയും ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിൽ മുഖ്യപങ്കാളിയായതും ഡോ. പ്രസന്നൻ തന്നെയായിരുന്നു.

# സബ്ജക്റ്റ് കമ്മിറ്റികൾ ഒരു തിരിഞ്ഞുനോട്ടം



**ആര്യാടൻ മുഹമ്മദ്**
മുൻമന്ത്രി

നിയമസഭ പുറപ്പെടുവിക്കുന്ന സ്മരണികയിലേയ്ക്ക് ഒരു ലേഖനം എന്നോട് ആവശ്യപ്പെട്ടിരുന്നു. എന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ചെറിയ ലേഖനം ഞാൻ ഇതോടൊപ്പം അയയ്ക്കുന്നു.

സംസ്ഥാന നിയമസഭയിൽ സബ്ജക്റ്റ് കമ്മിറ്റി നിലവിൽ വന്നിട്ട് വർഷങ്ങൾ ഏറെയായി. ചാക്കീരി അഹമ്മദ്കുട്ടി സ്പീക്കറും നിയമനിർമാണസഭയുടെ സെക്രട്ടറി ഡോ. പ്രസന്നനുമായിരുന്ന 1978-ലാണ് സബ്ജക്റ്റ് കമ്മിറ്റികളെക്കുറിച്ച് ആലോചനയുണ്ടായത്. നിയമസഭയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർക്കാരിന്റെ പ്രവർത്തനത്തിന് നിർദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിനും ബ്രിട്ടൺ അടക്കമുള്ള പാർലമെന്ററി ജനാധിപത്യം നിലവിലുള്ള രാജ്യങ്ങളിൽ ഇത്തരം കമ്മിറ്റികൾ നിലവിലുണ്ടായിരുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം അവഗാഹമായി പഠിച്ച് കേരളത്തിലും ഇത് പ്രാവർത്തികമാക്കാൻ ഏറ്റവും മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചത് ഡോ. പ്രസന്നനായിരുന്നു. ഇതിന് നിയമസഭയിൽ ഒരു കമ്മിറ്റിവെക്കുകയും ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിൽ മുഖ്യപങ്കാളിയായതും ഡോ. പ്രസന്നൻ തന്നെയായിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്ജക്റ്റ് കമ്മിറ്റികൾ നിലവിൽ വന്നത്.

നിലവിൽ നിയമസഭയിൽ 14 സബ്ജക്റ്റ് കമ്മിറ്റികളാണ് പ്രവർത്തിക്കുന്നത്. പതിനൊന്നിൽ കൂടാത്തതും ഏഴിൽ കുറയാത്തതുമായ അംഗങ്ങൾ ഓരോ കമ്മിറ്റിയിലും ഉണ്ടായിരിക്കണം. ഒരംഗം ഏതെങ്കിലും കമ്മിറ്റിയിൽ അംഗമായിരിക്കണമെന്നും എന്നാൽ ഒരാൾ ഒന്നിൽക്കൂടുതൽ കമ്മിറ്റികളിൽ അംഗമാകാൻ പാടില്ലെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ഒരു മന്ത്രിയുടെ കീഴിലുള്ള വകുപ്പുകൾ ഏതെല്ലാം കമ്മിറ്റികളിൽ ഉൾപ്പെടുന്നുവോ അത്രയും കമ്മിറ്റികളിൽ മന്ത്രി എക്സ് ഒഫിഷ്യോ അംഗമായിരിക്കും.

നിയമസഭയിൽ വരുന്ന കാര്യങ്ങൾ വേണ്ടത്ര ചർച്ചചെയ്യാനും പരിശോധിക്കാനും നിയമസഭയ്ക്ക് കഴിയാതെവരുന്നു എന്നത് കണക്കിലെടുത്താണ് സബ്ജക്റ്റ് കമ്മിറ്റികൾ രൂപീകരിച്ചത്. ധനാഭ്യർത്ഥനകൾ, നിയമനിർമാണം സംബന്ധിച്ച പരിശോധന, പൊതുക്ഷേമത്തെ ലക്ഷ്യംവെച്ചുള്ള ആസൂത്രണവും സ്കീമുകളും സംബന്ധിച്ച് എന്തെങ്കിലും നയമോ, നിയമനിർമാണമോ നടത്തണമെന്ന് സർക്കാർ നിർദേശിച്ചാൽ അതിൻമേലുള്ള ഉപദേശം സമർപ്പിക്കൽ തുടങ്ങിയവയ്ക്ക് സബ്ജക്റ്റ് കമ്മിറ്റിക്ക് അധികാരമുണ്ട്. സംസ്ഥാന പഞ്ചവത്സര പദ്ധതികളെക്കുറിച്ചും അവയുടെ നടത്തിപ്പിനെക്കുറിച്ചും, പി.എസ്.സി. റിപ്പോർട്ട്, പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ട്, ഓരോ വകുപ്പിന്റെയും വാർഷിക റിപ്പോർട്ട് എന്നിവയെക്കുറിച്ചും പരിശോധനകൾ നടത്തേണ്ടതും സബ്ജക്റ്റ് കമ്മിറ്റിയുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നതാണ്. കൂടാതെ ഈ റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ടും സഭയുടെ മുമ്പാകെ വച്ച് ചർച്ച ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങൾക്കൊന്നും സാധാരണയായി കമ്മിറ്റികൾക്ക് അവസരം കിട്ടാറില്ല. സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾ അവയുടെ കരട് രൂപത്തിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണം. എന്നാൽ അടിയന്തരഘട്ടത്തിൽ കമ്മിറ്റികളിൽവെക്കാതെ തന്നെ നടപ്പാക്കാവുന്നതാണ്. ഈ പഴുത് ഉപയോഗിച്ച് 95 ശതമാനം ചട്ടങ്ങളും സബ്ജക്റ്റ് കമ്മിറ്റികളിൽ ചർച്ച ചെയ്യാതെ നടപ്പാക്കുന്നുണ്ട്. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, നിയമനിർമ്മാണത്തിന്റെ പരിശോധന, കരട് സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളുടെ പരിശോധന എന്നിവ കൂടാതെ നിയമസഭാ സമ്മേളനം നിലവിലില്ലാത്ത സമയങ്ങളിൽ മാസത്തിൽ ഒരുപ്രാവശ്യമെങ്കിലും സബ്ജക്റ്റ് കമ്മിറ്റി ചേരേണ്ടതും ചട്ടം 235 (1), (iii) (v) എന്നിവയിൽ പറയുന്നകാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ചർച്ചചെയ്യേണ്ടതുമാണ്. ഈ ചട്ടം അംഗീകരിച്ച് മാസാന്ത്യയോഗം ചേർന്ന് ചട്ടത്തിൽപ്പറഞ്ഞ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന പതിവ് ഒരു കമ്മിറ്റിപോലും നടപ്പാക്കി കാണുന്നില്ല.

**വിപുലമായ പൊതുജനതാൽപര്യമുള്ള ഏതെങ്കിലും പ്രവർത്തനത്തെക്കുറിച്ചോ പദ്ധതിയെക്കുറിച്ചോ ആസൂത്രണത്തെക്കുറിച്ചോ പഠിച്ച് റിപ്പോർട്ട് ചെയ്യുക എന്നത് കമ്മിറ്റിയുടെ ധർമ്മമാണെങ്കിലും ഇക്കാര്യം ഉദ്ദേശിച്ചപോലെ പൂർണമായി നടപ്പായതായി കാണുന്നില്ല.**

ഇന്ത്യയിൽ ആദ്യമായി നിയമനിർമാണസഭയിൽ സബ്ജക്റ്റ് കമ്മിറ്റി രൂപീകരിച്ചത് കേരളത്തിലാണ്. പാർലമെന്റിൽ പിന്നീട് കേരളത്തിലെ സബ്ജക്റ്റ് കമ്മിറ്റി മോഡലിൽ രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ പ്രയോജനകരമായി കാണുന്നുണ്ട്. ഇതിനുള്ള പ്രധാനകാരണം പാർലമെന്റ് അംഗങ്ങൾ തന്നെയാണ് ഇത്തരം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻമാർ എന്നതാണ്. എന്നാൽ കേരളത്തിൽ സബ്ജക്റ്റ് കമ്മിറ്റി ചെയർമാൻമാർ മന്ത്രിമാരായതുകൊണ്ട് അവരുടെ ജോലിഭാരം കാരണം സബ്ജക്റ്റ് കമ്മിറ്റികളുടെ പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. ദൈനംദിന ഭരണകാര്യങ്ങളിൽ സബ്ജറ്റ് കമ്മിറ്റിക്ക് ഇടപെടാൻ അധികാരമില്ലെങ്കിലും നിയമസഭയുടെയും സർക്കാരിന്റെയും പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ ഇത്തരം സബ്ജക്റ്റ് കമ്മിറ്റികൾ അനിവാര്യമാണ്.

## ധനാഭ്യർത്ഥനകളുടെ പരിശോധന

ഓരോ വകുപ്പിലേക്കും വേണ്ടുന്ന ചെലവുകളാണ് ധനാഭ്യർത്ഥനയായി വരുന്നത്. വിവിധ പദ്ധതികൾ ഉൾപ്പെടെ ആ വകുപ്പിലെ എല്ലാവിധ ചെലവുകളും ഇതിൽ ഉൾപ്പെടും. ഓരോ വകുപ്പിലെയും പദ്ധതികളും മറ്റും കണക്കിലെടുത്ത് അതാത് വകുപ്പുകൾ തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ധനകാര്യവകുപ്പിന് നൽകുന്നു. എന്നാൽ ധനകാര്യവകുപ്പ് ഇത് പലതും വെട്ടിക്കുറച്ചാണ് ബജറ്റ് തയ്യാറാക്കുന്നത്.

മുൻ വർഷങ്ങളിലെ ചെലവിലും വരവിലും ഉണ്ടായിട്ടുള്ള ശരാശരി വളർച്ചയും പുതിയ പദ്ധതികൾക്കുള്ള ചെലവും ശമ്പള വർധന ഉണ്ടാകുമ്പോൾ അതിന്റെ ചെലവും കണക്കിലെടുത്താണ് ബജറ്റ് ഉണ്ടാക്കേണ്ടത്. ഈ സാമാന്യതത്വം പോലും ധനകാര്യവകുപ്പ് പലപ്പോഴും കണക്കിലെടുക്കാറില്ല. ഇത് കാരണമായി സബ്ജക്റ്റ് കമ്മിറ്റികൾ ധനാഭ്യർത്ഥനകളിലെ ന്യൂനതകൾ ചൂണ്ടികാണിച്ച് റിപ്പോർട്ട് ചെയ്യാറുണ്ട്. ധനകാര്യവകുപ്പ് ഈ ന്യൂനത പരിഹരിക്കേണ്ടതാണ്. സബ്ജക്റ്റ് കമ്മിറ്റികൾ റിപ്പോർട്ട് ചെയ്തത് പ്രകാരമുള്ള സംഖ്യ അനുവദിക്കുന്നില്ലെങ്കിൽ ധനകാര്യമന്ത്രി ഒരു പ്രസ്താവന എഴുതിതയ്യാറാക്കി സഭയിൽ വയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം പ്രസ്താവനകളിൽ മിക്കപ്പോഴും പറയുന്നത് ആവശ്യംവരുമ്പോൾ പരിഗണിക്കാമെന്നാണ്. അസംബ്ലി ചട്ടം 235-ൽ ഉദ്ദേശിച്ച ലക്ഷ്യം നടപ്പാക്കപ്പെടുന്നില്ല.

മറ്റൊരു പ്രധാനപ്പെട്ട ഇനം നിയമനിർമാണം സംബന്ധിച്ച കാര്യങ്ങളാണ്. ഇത് ഒരു പരിധിവരെ പ്രാവർത്തികമാകുന്നുണ്ട്. വിപുലമായ പൊതുജനതാൽപര്യമുള്ള ഏതെങ്കിലും പ്രവർത്തനത്തെക്കുറിച്ചോ പദ്ധതിയെക്കുറിച്ചോ ആസൂത്രണത്തെക്കുറിച്ചോ പഠിച്ച് റിപ്പോർട്ട് ചെയ്യുക എന്നത് കമ്മിറ്റിയുടെ ധർമ്മമാണെങ്കിലും ഇക്കാര്യം ഉദ്ദേശിച്ചപോലെ പൂർണമായി നടപ്പായതായി കാണുന്നില്ല.

ഒരു കമ്മിറ്റിയുടെ അഭിപ്രായം ആരായുന്ന നയപരമായകാര്യങ്ങളോ നിയമനിർമാണപരമായ കാര്യങ്ങളെയോകുറിച്ച് ഉപദേശം നൽകുക എന്നത് ഏറ്റവും പ്രധാനപ്പെട്ട ജോലിയാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ സബ്ജക്റ്റ് കമ്മിറ്റിക്ക് ചർച്ചചെയ്യേണ്ട അവസരം പൊതുവെ ഉണ്ടായിരുന്നതായി ഓർക്കുന്നില്ല.

മന്ത്രി സബ്ജക്റ്റ് കമ്മിറ്റിയുടെ ചെയർമാനാകണമെന്നു വച്ചത് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും കമ്മിറ്റിയുടെ പശ്ചാത്തലവും അതിന്റെ പ്രായോഗികതയും ഗവൺമെന്റിനെ ബോധ്യപ്പെടുത്താനുമാണ്. പാർലമെന്റിൽ എം.പിമാർ ചെയർമാൻമാരായ സ്റ്റാന്റിങ് കമ്മിറ്റികൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഇടപെടാൻ സബ്ജക്റ്റ് കമ്മിറ്റികൾക്ക് അധികാരമില്ല. മീഡിയ പ്രവേശനം പാടില്ലെന്നു മാത്രമല്ല മീഡിയയ്ക്ക് വിവരം നൽകാനും പാടില്ല എന്നതാണ് ചട്ടം. എന്നാൽ സബ്ജക്റ്റ് കമ്മിറ്റിയിൽ ഫലപ്രദമായി ചർച്ച നടക്കുന്നുണ്ട്. യാതൊരു രാഷ്ട്രീയ പരിഗണനയും കൂടാതെ മെമ്പർമാർ ചർച്ച നടത്തുകയും മിക്കവാറും യോജിച്ചു തന്നെ തീരുമാനമെടുക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് നിലവിലുള്ള നിയമസഭാ കമ്മിറ്റികളുടെ ചെയർമാൻമാർ എ.എൽ.എമാരാകുന്നതുകൊണ്ട് കമ്മിറ്റി യോഗങ്ങൾ കൃത്യമായി നടക്കുകയും കമ്മിറ്റിയുടെ പ്രവർത്തനം വളരെ ഫലപ്രദമാവുകയും ചെയ്യുന്നതായാണ് അനുഭവം. ഈ നിലയിൽ ഒരുമാറ്റം സബ്ജക്റ്റ് കമ്മിറ്റികളിൽ വരുത്തുകയാണെങ്കിൽ കുറേക്കൂടി ഫലപ്രദമായി കമ്മിറ്റിയുടെ പ്രവർത്തനം നടത്താൻ കഴിയും.

# ജീവിതം സമരഭരിതം



ദിവസവും കിലോമീറ്ററുകൾ പാടവരമ്പിലൂടെ നടന്നും തോടുകൾ നീന്തിക്കടന്നും കായൽപ്പരപ്പുകളിൽ ചെറു വള്ളങ്ങളിൽ സഞ്ചരിച്ചുമൊക്കെയായിരുന്നു കർഷകത്തൊഴിലാളികളെ വിളിച്ചുകൂട്ടി അവരിൽ അവകാശബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായത്. പട്ടിണിയും കഷ്ടപ്പാടുകളും ദുരിതജീവിതവുമൊക്കെ അന്ന് ഞങ്ങളുടെയെല്ലാം കൂടപ്പിറപ്പായിരുന്നു. പക്ഷേ, ചൂഷണത്തിൽനിന്ന് തൊഴിലാളികളെ രക്ഷിക്കുകയും അതുവഴി അവരുടെ ജീവിതത്തിൽ പുതിയ വെളിച്ചം കൊണ്ടുവരികയും ചെയ്യുക എന്ന പ്രതീക്ഷാനിർഭരമായ കാഴ്ചപ്പാടിനു മുന്നിൽ പട്ടിണിയും പരിവട്ടവും പ്രശ്നമേ ആയിരുന്നില്ല.

**വി.എസ്. അച്ചുതാനന്ദൻ**
ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ

രാജ്യമാകെ ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ അലകൾ ഉയർന്നുതുടങ്ങിയ ഘട്ടത്തിലാണ് ആലപ്പുഴ ജില്ലയിലെ പുന്നപ്ര എന്ന കൊച്ചു ഗ്രാമത്തിൽ ഞാൻ ജനിച്ചത്. ദാരിദ്ര്യവും അസമത്വങ്ങളും കൊടികുത്തിവാണ ഒരു കാലഘട്ടമായിരുന്നു അത്. ശൈശവഘട്ടത്തിൽ തന്നെ അമ്മയും അച്ഛനും നഷ്ടമായി. പിന്നീട് ജ്യേഷ്ഠ സഹോദരൻ ഗംഗാധരന്റെ സംരക്ഷണയിലായിരുന്നു കൗമാരകാലത്തെ ജീവിത ദുരിതങ്ങളിലൂടെ മുന്നേറിയത്. മാതാപിതാക്കളെ ചെറുപ്പത്തിലേ നഷ്ടപ്പെട്ട ഒരു ബാലന് വിദ്യാഭ്യാസവും അതിനോടനുബന്ധിച്ചുള്ള ജീവിത സൗഭാഗ്യങ്ങളും സ്വാഭാവികമായും അന്യമാവുമല്ലോ. അതുകൊണ്ടുതന്നെ, എന്റെ ഔപചാരിക വിദ്യാഭ്യാസം ഏഴാം ക്ലാസ്സുകൊണ്ട് നിലച്ചു.

ജ്യേഷ്ഠന്റെ ജൗളിക്കടയിൽ സഹായിയായി കൂടിയ ഞാൻ അവിടെയെത്തുന്ന ആളുകളുടെ രാഷ്ട്രീയ ചർച്ചകളിലേക്ക് അറിയാതെ ആകൃഷ്ടനായി. അന്നത്തെ കാര്യമായ വിദ്യാഭ്യാസമില്ലാത്ത നാട്ടിൻപുറങ്ങളിലെ ഗ്രാമീണർ പോലും സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളിൽ സജീവമായ താൽപ്പര്യം പുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ, പത്ര വായനയും തുടർന്നുള്ള രാഷ്ട്രീയ ചർച്ചകളും എന്റെ ചിന്തകളിൽ എന്തൊക്കെയോ ചലനങ്ങൾ സൃഷ്ടിച്ചു. ഇതിനിടയിൽതന്നെ സ്വന്തമായ ജീവിതം കരുപ്പിടിപ്പിക്കണമെന്ന മോഹവും കലശലായി. ഇതിന്റെ തുടർച്ചയായിട്ടായിരുന്നു സമീപത്തുള്ള ആസ്പിൻവാൾ കയർ കമ്പനിയിലെ ജീവനക്കാരനായി മാറിയത്.


അന്ന് കേരളത്തിലെ കയർ വ്യവസായത്തിന്റെയും കയറുൽപ്പന്ന കയറ്റുമതിയുടെയും പ്രധാന കേന്ദ്രമായിരുന്നു ആലപ്പുഴ. പിയേഴ്സ് ലസ്ലിയും ബാറാസ് മെയിലും പോലുള്ള നിരവധി ബ്രിട്ടീഷ് കയർ കമ്പനികൾ അന്ന് ആലപ്പുഴയിൽ സജീവമായിരുന്നു. ഇവിടങ്ങളിൽ പതിനായിരക്കണക്കിന് കയർ തൊഴിലാളികളാണ് പണിയെടുത്തിരുന്നത്. ആലപ്പുഴ തുറമുഖവും അനുബന്ധ ചരക്ക് ഗതാഗതവും ഏറ്റവും സജീവമായിരുന്ന കാലം. കയർ ഫാക്ടറികളിൽ പണിയെടുത്തിരുന്ന തൊഴിലാളികളാവട്ടെ, ഒരു സംഘടിത പ്രസ്ഥാനമെന്ന നിലയിൽ മുന്നേറ്റത്തിന്റെ പാതയിലുമായിരുന്നു. ആലപ്പുഴ കയർ തൊഴിലാളി യൂണിയൻ, ചേർത്തല കയർ തൊഴിലാളി യൂണിയൻ, മുഹമ്മ കയർ തൊഴിലാളി യൂണിയൻ എന്നീ മൂന്ന് സംഘടനകളിലായി, തൊഴിലാളികൾ സംഘടിച്ച് ശക്തിപ്പെട്ടുവരുന്ന കാലമായിരുന്നു അത്. മത്സ്യത്തൊഴിലാളി യൂണിയൻ, ചെത്തു തൊഴിലാളി യൂണിയൻ, തെങ്ങുകയറ്റത്തൊഴിലാളി യൂണിയൻ, ഓയിൽ ആൻഡ് കന്നിട്ട തൊഴിലാളി യൂണിയൻ എന്നീ സംഘടനകളുടെ കീഴിലും തൊഴിലാളികൾ സംഘടിത ശക്തിയായി വളർന്നുകൊണ്ടിരുന്നു. ഈ സാഹചര്യത്തിലേക്കാണ് സഖാവ് പി.കൃഷ്ണപിള്ള എത്തുന്നത്.
1930–കളുടെ അവസാനത്തോടെ, ആലപ്പുഴയിലെത്തിയ പി.കൃഷ്ണപിള്ള തൊഴിലാളികൾക്ക് സംഘടിക്കാനും, മുതലാളിമാരുമായി വിലപേശൽ നടത്താനുമുള്ള ആശയപരവും സംഘടനാപരവുമായി പാഠങ്ങൾ പറഞ്ഞുനൽകി.

കയർ ഫാക്ടറികൾ കേന്ദ്രീകരിച്ച് നടത്തിയ തൊഴിലാളി യൂണിയനുകളുടെ യോഗങ്ങളിലും പി.കൃഷ്ണപിള്ളയുടെ സാന്നിധ്യം ആവേശം പകർന്നു. സൈമൺ ആശാൻ, ആർ.സുഗതൻ, കെ.വി.പത്രോസ്, പി.എൻ.കൃഷ്ണപിള്ള, ആർ.ശ്രീകണ്ഠൻ നായർ, ടി.വി.തോമസ് തുടങ്ങിയവരായിരുന്നു അന്നത്തെ നേതാക്കളിൽ പ്രമുഖർ. ആസ്പിൻവാൾ കമ്പനിയിലെ തൊഴിലാളിയായിരുന്ന ഞാൻ ഈ നേതാക്കൾക്കിടയിലേക്കാണ് ചെന്നുപെട്ടത്. തൊഴിലാളികൾ സംഘടിച്ച് ശക്തരാവുകയും മുതലാളിമാരുടെയും ജന്മിമാരുടെയും ചൂഷണങ്ങൾക്കെതിരെ പോരാടുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ഈ നേതാക്കളുടെയെല്ലാം പ്രസംഗങ്ങളിലൂടെയും സംഘാടന പ്രവർത്തനങ്ങളിലൂടെയും ഞാൻ നടന്നടുക്കുകയായിരുന്നു. അങ്ങനെ, ഏറെ കഴിയുന്നതിനു മുമ്പുതന്നെ, കയർ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനുള്ള പ്രസംഗങ്ങളും പോരാട്ടങ്ങളും എന്റെ പ്രവർത്തനത്തിന്റേയും ഭാഗമായി മാറുകയായിരുന്നു.

1940–ൽ സാങ്കേതികമായി 18 വയസ്സ് പൂർത്തിയായിരുന്നില്ലെങ്കിലും, സഖാവ് പി.കൃഷ്ണപിള്ള പ്രത്യേക താൽപ്പര്യമെടുത്ത് എനിക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം നൽകി. തൊട്ടടുത്ത വർഷം അദ്ദേഹത്തിന്റെ തന്നെ നിർദ്ദേശ പ്രകാരമാണ് കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനായി പോവുന്നത്.

കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ അന്ന് പതിനായിരക്കണക്കിന് കർഷകത്തൊഴിലാളികൾ ജന്മിമാർക്കും ഭൂപ്രഭുക്കൻമാർക്കും കീഴിൽ അടിമകളെപ്പോലെ പണിയെടുക്കുന്ന കാലമായിരുന്നു. ഒരേസമയം അവർ കൂലി അടിമത്തത്തിനും ജാതി അടിമത്തത്തിനും വിധേയരായിരുന്നു. ഇതിനെതിരെ കർഷകത്തൊഴിലാളികളെ സംഘടിത ശക്തിയായി ഉയർത്തിക്കൊണ്ടുവരിക എന്ന ദൗത്യമാണ് എനിക്ക് നിർവ്വഹിക്കാനുണ്ടായിരുന്നത്. കായലും തോടും കൈവഴികളും ചതുപ്പും പാടങ്ങളും ഒക്കെ ചേർന്നതായിരുന്നു അന്നത്തെ കുട്ടനാട്. റോഡുകളോ പാലങ്ങളോ അന്യമായിരുന്ന കാലമായിരുന്നു അത്. ദിവസവും കിലോമീറ്ററുകൾ പാടവരമ്പിലൂടെ നടന്നും തോടുകൾ നീന്തിക്കടന്നും കായൽപ്പരപ്പുകളിൽ ചെറു വള്ളങ്ങളിൽ സഞ്ചരിച്ചുമൊക്കെയായിരുന്നു കർഷകത്തൊഴിലാളികളെ വിളിച്ചുകൂട്ടി അവരിൽ അവകാശബോധം









# നേരിന്റെ വഴിയിൽ സധൈര്യം

ജനാധിപത്യം, ഭരണഘടന, തെരഞ്ഞെടുപ്പ്, മതേതരത്വം എന്നിവ സംബന്ധിച്ച് മുൻ നിയമസഭാ സെക്രട്ടറിയും ഹൈക്കോടതി ജഡ്ജിയുമായിരുന്ന ജെ.എം.ജെയിംസിന്റെ പ്രതികരണങ്ങളിലൂടെ... (ഡി.ആർ.ഡി. വിഭാഗത്തിനുവേണ്ടി ജി.എസ്.സുരേഷ് കുമാർ നടത്തിയ അഭിമുഖത്തിൽ നിന്ന്)

**നമ്മുടെ ജനാധിപത്യ സമ്പ്രദായത്തിൽ ഇന്ന് നിലവിലുള്ള പ്രാതിനിധ്യ സംവിധാനത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ആവശ്യമാണെന്നു കരുതുന്നുണ്ടോ? തൊട്ടടുത്ത സ്ഥാനാർത്ഥിയെക്കാൾ ഒരു വോട്ട് അധികം ലഭിക്കുന്ന ആൾ തെരഞ്ഞെടുക്കപ്പെടുന്ന സംവിധാനത്തിനു പകരമായി ആനുപാതിക പ്രാതിനിധ്യം (proportional representation) ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ? അത്തരം proportional representation കൊണ്ടു വരുന്നതിലൂടെ സാമുദായിക അടിസ്ഥാനത്തിലും മറ്റു പല രീതികളിലും സംഘടിതമായ ഒരു കേന്ദ്രീകരണം ഉണ്ടാകും എന്ന ആശങ്കയെ എങ്ങനെയാണ് കാണുന്നത്?**

ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത് ആനുപാതിക പ്രാതിനിധ്യമല്ല. ആനുപാതിക പ്രാതിനിധ്യം പല രാഷ്ട്രങ്ങളിലും പരിശോധിക്കപ്പെട്ടിട്ടുള്ളതാണ്. ആനുപാതിക പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിജയിയെ പ്രഖ്യാപിക്കുന്ന സ്ഥിതി ഉണ്ടായാൽ രാഷ്ട്രീയപാർട്ടികളുടെ പൊതുതത്വത്തിനും മാനിഫെസ്റ്റോയ്ക്കും അതീതമായി വോട്ട് തേടുന്ന ഒരാൾക്ക് ജയിച്ചുവരാം. അങ്ങനെ ജയിക്കുന്ന ആൾ ഭൂരിപക്ഷം കിട്ടിയ രാഷ്ട്രീയ പാർട്ടിയുടെ നിലപാടുകളും നയങ്ങളും പൂർണ്ണമായും പിന്തുടരണമെന്നില്ല. ആ സ്ഥിതിവിശേഷത്തിൽ തെരഞ്ഞെടുപ്പിന്റെ ഭൂരിപക്ഷ സ്വഭാവം ഇല്ലാതാവുകയാണുണ്ടാകുന്നത്. അത്തരത്തിൽ അത്



# കേരളം വികസനരംഗത്തെ സാധ്യതകൾ

എം.എ. യൂസഫലി
(ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ,
ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ)



അനുകൂലമായ സാഹചര്യമുള്ളപ്പോഴും ഭൂമിയുടെ ലഭ്യത, നോക്കുകൂലി, വൈദ്യുതി പ്രശ്നങ്ങൾ, രാഷ്ട്രീയാതിപ്രസരം, ഭരണകക്ഷിയുടെ പദ്ധതികളെ പ്രതിപക്ഷം എതിർക്കുക, പ്രതിപക്ഷം വരുമ്പോൾ ഭരണപക്ഷം എതിർക്കുക തുടങ്ങിയവ വ്യവസായ കേരളത്തിന്റെ വെല്ലുവിളികളായി നിലനിൽക്കുന്നു.

**ഒരു വ്യവസായി എന്ന നിലയിൽ കേരളത്തെക്കുറിച്ചുള്ള ഭാവി പ്രതീക്ഷകൾ എന്തെല്ലാമാണ്? വ്യവസായ-വാണിജ്യ രംഗത്ത് ഏതെങ്കിലും പ്രത്യേക മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് കരുതുന്നുണ്ടോ?**

കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമല്ല എന്ന ആരോപണമായിരുന്നു കാലാകാലങ്ങളിൽ നാം കേട്ടുകൊണ്ടിരുന്നത്. തൊഴിൽ സമരങ്ങളും മറ്റും പറഞ്ഞ് പഴകിയ ഒരു പല്ലവിയാണ്. ഇത്തരത്തിലുള്ള ആരോപണങ്ങൾക്കിടയിൽ തന്നെ വിജയകരമായി പ്രവർത്തിക്കുന്ന അനേകം സംരംഭങ്ങളെ കേരളത്തിൽ ചൂണ്ടിക്കാണിക്കുവാൻ നമുക്ക് സാധിക്കും. വിദ്യാസമ്പന്നരായ തൊഴിൽ സമൂഹം, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ക്രമസമാധാനം എന്നിവ കൊണ്ട് മറ്റേതൊരു ഇന്ത്യൻ സംസ്ഥാനത്തോടൊപ്പം തന്നെയാണ് നമ്മുടെ സംസ്ഥാനം. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കേരള മുഖ്യമന്ത്രി പ്രത്യേക ശ്രദ്ധ ചെലുത്തുന്നു എന്നത് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു.

ഇത്തരം അനുകൂലമായ സാഹചര്യമുള്ളപ്പോഴും ഭൂമിയുടെ ലഭ്യത, നോക്കുകൂലി, വൈദ്യുതി പ്രശ്നങ്ങൾ, രാഷ്ട്രീയാതിപ്രസരം, ഭരണകക്ഷിയുടെ പദ്ധതികളെ പ്രതിപക്ഷം എതിർക്കുക, പ്രതിപക്ഷം വരുമ്പോൾ ഭരണപക്ഷം എതിർക്കുക തുടങ്ങിയവ വ്യവസായ കേരളത്തിന്റെ വെല്ലുവിളികളായി നിലനിൽക്കുന്നു. ഭൂമിശാസ്ത്രപരമായ കാരണങ്ങൾ കൊണ്ട് വൻകിട വ്യവസായങ്ങൾ ആരംഭിക്കാൻ പറ്റിയ സാഹചര്യമല്ല നമ്മുടെ സംസ്ഥാനത്തുള്ളത്. ഭൂമിയുടെ അപര്യാപ്തത, വൻതോതിലുള്ള കുടിയൊഴിപ്പിക്കൽ, മലിനീകരണം തുടങ്ങിയവ വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിഘാതമായി നിൽക്കുന്നു. ആയതിനാൽ ഇത്തരം സൗകര്യങ്ങൾ ആവശ്യമില്ലാത്ത സംരംഭങ്ങൾ തുടങ്ങാൻ പ്രോത്സാഹനം നൽകുകയാണ് നാം ചെയ്യേണ്ടത്. ഐ.ടി., വിനോദസഞ്ചാരം, ഭക്ഷ്യസംസ്കരണം, ഹെൽത്ത് ടൂറിസം, കൃഷി, സേവനമേഖല തുടങ്ങിയവയിലാണ് നവസംരംഭകർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

സർക്കാർ-സ്വകാര്യ സംരംഭങ്ങൾക്ക് (പി.പി.പി. മോഡൽ) ഒട്ടേറെ സാദ്ധ്യതകളാണ് കേരളത്തിലുള്ളത്. സർക്കാരും, വിവിധ ബാങ്കുകളും, വിദേശ മലയാളികളും ചേർന്ന് സൃഷ്ടിച്ച സ്വപ്നപദ്ധതിയായ നെടുമ്പാശ്ശേരി വിമാനത്താവളം പി.പി.പി. മോഡലിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. ഇന്ന് നെടുമ്പാശ്ശേരി മോഡൽ ഏതൊരു സംരംഭത്തിനും മാതൃകയാക്കാവുന്നതാണ്. ചെറുകിട തുറമുഖങ്ങൾ, പാലങ്ങൾ, ഐ.ടി.പാർക്കുകൾ, ടൂറിസം പദ്ധതികൾ തുടങ്ങിയവ ഈ നെടുമ്പാശ്ശേരി മാതൃകയിൽ വിജയകരമായി നടപ്പിലാക്കാൻ സാധിക്കും. തുടക്കം മുതൽ അതിന്റെ ഭാഗമാകാൻ സാധിച്ചു എന്നതിൽ ഞാൻ കൃതാർത്ഥനാണ്.

**അടിസ്ഥാന വികസനം വേണ്ടത് ഏതെല്ലാം മേഖലകളിലാണ്? അതിന്റെ അപര്യാപ്തത ഏതു മേഖലയെയാണ് അധികം ബാധിക്കുന്നത്?**

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന്. വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചപ്പോൾ അതിനനുസരിച്ചുള്ള വികസനം റോഡുകളുടെ കാര്യത്തിൽ ഉണ്ടായില്ല എന്നത് ദു:ഖകരമായ വസ്തുതയാണ്. വാഹനങ്ങളുടെ ബാഹുല്യം റോഡുകളിൽ സമയനഷ്ടം, ധനനഷ്ടം, മാനസിക സമ്മർദ്ദം തുടങ്ങിയവയ്ക്ക് കാരണമാകുന്നു. റോഡുകളുടെ കാര്യത്തിൽ പ്രായോഗികമായ ഒരു സമീപനം സ്വീകരിക്കാത്തത് കൊണ്ടുള്ള നഷ്ടം ഏറെയാണ്. ഹൈവേ വീതി കൂട്ടുന്നതിനെതിരെ പ്രക്ഷോഭം നടക്കുന്ന നാടാണ് നമ്മുടേത്. മറ്റു സംസ്ഥാനങ്ങളിൽ ഇതുണ്ടാകുന്നില്ല. ഈ ഒരു കാരണം കൊണ്ട് തന്നെ കൃത്യമായ വികസന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ നമുക്ക് സാധിക്കുന്നില്ല. അയൽ സംസ്ഥാനങ്ങൾ റോഡുകളുടെ കാര്യത്തിൽ ഏറെ മുന്നാക്കം പോയപ്പോൾ ഇവിടത്തെ സ്ഥിതി വ്യത്യസ്തമാണ്. ഏതൊരു കാര്യത്തിനും എതിർപ്പ് അല്ലെങ്കിൽ വിവാദം നേരിടേണ്ടി വരുന്ന അവസ്ഥയാണിവിടെയുള്ളത്.

പരിസ്ഥിതി മലിനീകരണമാണ് നാം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി. ശാസ്ത്രീയമായ രീതിയിൽ മാലിന്യം സംസ്കരിക്കുന്ന ഒരു രീതി നമുക്ക് ഇന്നും അന്യമാണ്. ഈ ഒരു സ്ഥിതിവിശേഷം പലപ്പോഴും ക്രമസമാധാന പ്രശ്നങ്ങൾക്കുവരെ കാരണമാകുന്നു. അത്യാധുനിക രീതിയിലുള്ള മാലിന്യസംസ്കരണം നമുക്ക് ഏറെ അനിവാര്യമാണ്. ഇതിനോടൊപ്പം നൂതനമായ ഡ്രയിനേജ്, സ്വീവേജ് സംവിധാനങ്ങളും ഉണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ചെറിയ ഒരു മഴ വന്നാൽ നമ്മുടെ പട്ടണങ്ങൾ വെള്ളത്തിൽ മുങ്ങി രോഗങ്ങൾ വിളിച്ചുവരുത്തുന്ന ഒരു അവസ്ഥയാണ് മിക്കയിടത്തും ഇപ്പോഴുള്ളത് എന്നത് ഏറെ ആശങ്കാജനകമാണ്. ആധുനിക രീതിയിലുള്ള മാലിന്യസംസ്കരണം ലാഭകരമായ ഒരു വ്യവസായമായി മാറ്റിയാൽ അനന്തമായ സാധ്യതകളാണുള്ളത്. ഇത്തരത്തിലുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു മനോഭാവം നമുക്കിടയിലില്ല എന്നത് ദു:ഖകരമായ ഒരു കാര്യമാണ്.

വൈദ്യുതി ഉപയോഗം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ജലവൈദ്യുതി നിലയങ്ങളെയും മറ്റും അനന്തമായി ആശ്രയിക്കുന്നതിൽ ഒരു പരിമിതിയുണ്ട്.

# Democracy Deficit



**DR.K.N.Panikkar**
(Historian, Writer and Former Vice Chancellor
Sree Sankaracharya University, Kalady)

In none too rare a moment of scepticism and self - introspection, Bernard Shaw referred to one of the many obsessions the British nurtured as national character. The British, according to Shaw, were obsessed with principles; they invented them even when none existed. For instance,whenever the British stood by a monarch, even if he happened to be a despot known for cruelty, they did so on the principle of patriotism. However, they had no hesitation in consigning the same King to Westminster Abbey, if circumstances so demanded. While renouncing the earlier principle of patriotism in order to kill the king, they invoked a new principle - the principle of democracy!

Bernard shaw seems to suggest that to the British principles are nothing but a convenient pretext, which can be invoked or discarded according to the exigencies of the situation. Having been tutored by the colonial masters in the principles of liberalism and influenced by the virtues of Indian civilisation, rooted in self-abnegation and renunciation, as taught by the spiritual mentors from Gautama Buddha to Mahatma Gandhi, Indians entertained a similar attitude towards idealism. Both patriotism and democracy are dear to their heart. But their commitment to them is more in principle and less in practice. Almost everyone swears by democracy, but very few care to follow it in public life. Consequently, there is a gulf, almost unbridgeable, between principle and practice. This essay is an effort to explore this gulf in the context of equality, which is the foundation of democracy. It is the contention of this essay that the crisis of Indian democracy is because of the failure of the state to ensure equality and the



**Counting Centre -** Election 1977



**Despite institutional support, the functioning of Indian democracy during the last 63 years has perpetuated and deepened differences within society.**

inability of civil society to create a public sphere capable of generating critical engagement with social issues.

Although democracy is a holistic phenomenon and its different components are interconnected, its three main attributes can be identified as political, economic and cultural equality. These three attributes collectively contribute to the make - up of a healthy democratic regime, and consequently the success of democracy depends upon the extent to which these equalities are respected and implemented. The vibrancy of a functioning democracy, therefore, would depend upon the social acceptance of the idea of equality, which as a principle the Indian Republic has written into its Constitution. Yet, in practice equality is a far cry in any of these three domains.

This condition raises the question whether the prevalence of institutional structures is a sufficient guarantee to ensure democratic rights. This question is pertinent in the Indian context as, despite institutional support, the functioning of Indian democracy during the last 63 years has perpetuated and deepened differences within society.

## Political Equality


The institutional structure of Indian democracy prescribed by the Constitution provided for equality of rights to all citizens, regardless of social differences. The objectives Resolution itself stated this principle in unambiguous terms. It declared that there should be "secured to all the people... justice, social, economic and political; equality of status, of opportunity, and before the law...". Despite the continuous tinkering with the Constitution by the ruling elite - 95 amendments are in place so far — these basic guarantees of the Constitution have remained unaffected. Yet, in practice, democracy has not been able to secure justice to all; its dispensation has been distorted because democratic rights have not been accessible evenly to everyone.

Let us begin with political rights, which in some ways are central to democratic practice. The political rights subsume equality, without which democratic participation is not possible. Although political rights involve a wide range of issues, including freedom of expression and association, the right to represent and be represented through election is universally accepted as the defining feature of democracy.The importance of the system of representation of the people is that it erases the separation of the state and the people. But the government through representation recognises democracy only as a formal part of the state and not as its essence. Therein lies the weakness of the representative system of democracy,which is most glaring in the Indian case.


In India, the mechanism of representation is universal suffrage, both in the Centre and in the States. The successful record of timely elections has drawn universal admiration, particularly because in most other post - colonial countries election has been a major casualty. The successful conduct of elections has given considerable legitimacy to democratic polity and the system of representation on which its practice is embedded. Yet, the representative system raises a variety of questions about its democratic character. One of them is the manner in which majority is determined. Democracy being the rule of the majority, the process through which the majority is formed is of crucial importance. What constitutes the majority in a system of representation is open to different interpretations, as there are different modes of determining majority in

# നായനാർ

## നാളെകളുടെ മന്ദഹാസം



**എം.മുകേഷ്** എം.എൽ.എ.



കേരള ചരിത്രത്തിലെ ഏറ്റവും ജനകീയനായ കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു സഖാവ് ഇ.കെ.നായനാർ. തുറന്ന പെരുമാറ്റവും അസാമാന്യമായ നർമ്മബോധവും, ലാളിത്യവും, സാധാരണ മനുഷ്യരോടുള്ള സ്നേഹവും നായനാരെ ഏവർക്കും പ്രിയങ്കരനാക്കി. ശുദ്ധീകരിക്കപ്പെട്ട ഫലിതങ്ങളായിരുന്നു നായനാരുടെ ആയുധം. കെ.കരുണാകരൻ ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രതിയോഗികൾ നായനാർ പ്രയോഗങ്ങളിൽ നിലതെറ്റി വീണു. എന്നിട്ടും ആർക്കും നായനാരോട് വെറുപ്പ് തോന്നിയിരുന്നില്ല. നായനാർ പ്രയോഗിച്ചത് നിരുപദ്രവ ഫലിതങ്ങളായിരുന്നു. നായനാരുടെ കടുത്ത രാഷ്ട്രീയ നിലപാടുകളിൽ പോലും അദ്ദേഹത്തിന്റെ നിഷ്കളങ്കത്വം ജനങ്ങൾ തിരിച്ചറിഞ്ഞു.

ഇ.കെ.നായനാരുമായി വ്യക്തിപരമായ അടുത്തബന്ധം പുലർത്താൻ എനിക്കു കഴിഞ്ഞിട്ടില്ല. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലയളവ് ഞാൻ സിനിമയിൽ കൂടുതൽ ശ്രദ്ധ പുലർത്തിപ്പോന്ന കാലമായിരുന്നു. ഒരു ഭരണാധികാരിക്ക് നർമ്മബോധത്തിലൂടെ ജനഹൃദയത്തിലെത്താൻ മാത്രമല്ല, അവിടെ സ്ഥാനമുറപ്പിക്കാനും കഴിയുമെന്നത് തീർച്ചയാണ്. അതിന് ഇ.കെ.നായനാരെക്കാൾ മികച്ച മറ്റൊരുദാഹരണമില്ല. ഗൗരവക്കാർ ഒരു പ്രത്യേക സാഹചര്യത്തെ നേരിടുന്നതിനേക്കാൾ മികവോടെ നർമ്മബോധമുള്ളവർ അതേ സാഹചര്യത്തെ മാറ്റിമറിക്കും.

നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സിനിമാ മേഖലയിലുള്ളവർ സംയുക്തമായി ഒരു സെക്രട്ടേറിയറ്റ് മാർച്ച് നടത്തി; അഭിനേതാക്കൾ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയവർ ഉൾപ്പെടെ എല്ലാ മേഖലയിലുംപെട്ടവർ മാർച്ചിൽ പങ്കെടുത്തു; സിനിമാ മേഖലയിൽ ഉള്ളവർ ഒന്നടങ്കം തിരുവനന്തപുരം നഗരത്തിൽ തടിച്ചുകൂടി. വലിയ വാർത്താപ്രാധാന്യം നേടിയ പ്രകടനമായിരുന്നു. സെക്രട്ടേറിയറ്റ് പടിക്കൽ എത്തിയശേഷം ഭാരവാഹികൾ മുഖ്യമന്ത്രി ഇ.കെ.നായനാരെ കാണാൻ ഓഫീസിലേക്ക് ചെന്നു; ഞാനും ആക്കൂട്ടത്തിലുണ്ട്.



ഒരു ഭരണാധികാരിക്ക് നർമ്മബോധത്തിലൂടെ ജനഹൃദയത്തിലെത്താൻ മാത്രമല്ല, അവിടെ സ്ഥാനമുറപ്പിക്കാനും കഴിയുമെന്നത് തീർച്ചയാണ്. അതിന് ഇ.കെ.നായനാരെക്കാൾ മികച്ച മറ്റൊരുദാഹരണമില്ല. ഗൗരവക്കാർ ഒരു പ്രത്യേക സാഹചര്യത്തെ നേരിടുന്നതിനേക്കാൾ മികവോടെ നർമ്മബോധമുള്ളവർ അതേ സാഹചര്യത്തെ മാറ്റിമറിക്കും.

"എന്താ വന്നത്?"

മുഖ്യമന്ത്രി ഞങ്ങളോടന്വേഷിച്ചു.

സിനിമാ മേഖലയുടെ പ്രശ്നം കേരളം ഒന്നടങ്കം ചർച്ച ചെയ്തുവരികയായിരുന്നു; എന്നിട്ടും

ഒന്നുമറിയാത്തവിധമുള്ള നായനാരുടെ അന്വേഷണത്തിൽ ഞങ്ങളും ഒന്നുലഞ്ഞു.

"സി.എം. അറിഞ്ഞു കാണുമല്ലോ സിനിമാരംഗത്തെ പ്രശ്നങ്ങൾ; ശക്തമായ പ്രകടനമായിരുന്നു.

വൻ ആൾക്കൂട്ടം കാണാനുണ്ടായിരുന്നു."

മുഖ്യമന്ത്രി ഞങ്ങളെ സൂക്ഷിച്ചുനോക്കി.

"വലിയ ആൾക്കൂട്ടമോ? അതവിടിരിക്കട്ടെ. ഉണ്ണിമേരി ഡാൻസ് നടത്തിയാൽ ഇതിനെക്കാൾ കൂടുതൽ ആള് കാണാൻ വരും......"

പൊടുന്നനെ ഒരു പൊട്ടിച്ചിരിയിൽ എല്ലാം തീർന്നു; ഇ.കെ.നായനാർക്കല്ലാതെ ഇത്തരമൊരു പ്രതികരണം ആർക്കും നടത്താൻ കഴിയില്ല. അഥവാ മറ്റൊരാൾ നടത്തിയാൽ ഇതേ അർത്ഥത്തിൽ സമൂഹം അത് ഉൾക്കൊള്ളണമെന്നില്ല.


നായനാരുടേത് തനിക്കുമാത്രം വഴങ്ങുന്ന ശൈലിയും പ്രയോഗങ്ങളുമായിരുന്നു; മറ്റൊരാൾക്കും അനുകരിക്കാനാവാത്തത്. കലാകാരന്മാരോട് തികഞ്ഞ ആദരവും പരിഗണനയും അദ്ദേഹത്തിനുണ്ടായിരുന്നു. അടുത്തിടപഴകാൻ കഴിഞ്ഞിട്ടില്ലെങ്കിലും കലാരംഗത്ത് പ്രവർത്തിക്കുന്ന ഒരാൾ എന്ന നിലയ്ക്ക് എനിക്കത് നന്നേ ബോധ്യപ്പെട്ടിരുന്നു. ഏതൊക്കെയോ തലത്തിൽ അദ്ദേഹവുമായി അകാരണമായ അടുപ്പം മനസ്സിൽ നിറഞ്ഞു നിന്നു; അദൃശ്യമായ ആത്മബന്ധം.

നായനാർക്ക് എന്തും എങ്ങനെയും പറയാനുള്ള പൂർണ്ണസമ്മതം ജനങ്ങൾ നൽകി; മറ്റൊരു നേതാവിനും ഇത്തരമൊരംഗീകാരം, കേരളത്തിൽ ലഭിച്ചിട്ടില്ല. നിഷ്കളങ്കമായ ഒരു ഹൃദയത്തിൽ നിന്നു പുറപ്പെട്ടുവന്ന നർമ്മം പൊതിഞ്ഞ ശൈലി കക്ഷിഭേദമെന്യേ, പ്രായഭേദമെന്യേ ജനങ്ങൾക്ക് പ്രിയങ്കരമായി.ത്യാഗോജ്ജ്വലമായിരുന്നു അദ്ദേഹത്തിന്റെ യൗവ്വനം. അർപ്പണബോധവും ലാളിത്യവും അദ്ദേഹത്തെ കൂടുതൽ ജനകീയനാക്കി. ശാസിക്കാനും, പിണങ്ങാനും ഇണങ്ങാനുമൊക്കെ നായനാർക്ക് പൂർണ്ണ അവകാശം പൊതുജനം കൽപ്പിച്ച് നൽകി. വർഗ്ഗീയതയ്ക്കും, അഴിമതിക്കുമെതിരായ നിലപാടുകളിൽ നായനാർ ഒരിക്കലും വിട്ടുവീഴ്ചയ്ക്കു തയ്യാറായതുമില്ല.


കലാകാരന്മാരോടുള്ള നായനാരുടെ സ്നേഹത്തിനും കരുതലിനും അതിരില്ലായിരുന്നു. തന്റെ ജീവിതത്തിലുണ്ടായ ഒരനുഭവം ഇന്നസെന്റ് എം.പി. എന്നോടു പങ്കുവച്ചത് ഓർമ്മവരുന്നു. ഒരിക്കൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇന്നസെന്റിനെ



# ലീഡർ കെ. കരുണാകരൻ: ക്രാന്തദർശിയായ ഭരണാധികാരി



**അനിൽ അക്കര** എം.എൽ.എ.



കേരളത്തിലെ വികസന രാഷ്ട്രീയത്തിന് ആമുഖമെഴുതിയ നേതാവാണ് കെ. കരുണാകരൻ. കണ്ണൂരിൽ ജനിച്ച് കർമ്മം കൊണ്ട് തൃശ്ശൂർക്കാരനായി മാറിയ രാഷ്ട്രീയ ചാണക്യനായിരുന്നു കെ.കരുണാകരൻ. ഒൻപത് പേരുടെ ലീഡറായി നിയമസഭയിലെത്തിയ കരുണാകരൻ കേരള ജനതയുടെ മുഴുവൻ ലീഡറായി മാറി. എന്നും ജനങ്ങളായിരുന്നു കരുണാകരന്റെ ശക്തി. ജനാഭിലാഷം അനുകൂലമല്ലെങ്കിൽ ഒരു ഭരണാധികാരിക്കും മുന്നോട്ടു പോകാനാകില്ലെന്ന് ലീഡർ ഉറച്ചു വിശ്വസിച്ചു. എല്ലാ വികസന പ്രവർത്തനങ്ങളും ജനങ്ങൾക്കു വേണ്ടിയാകണമെന്ന് കരുതിയ പൊതുപ്രവർത്തകനായിരുന്നു ലീഡർ.

നെടുമ്പാശ്ശേരി വിമാനത്താവളം, കലൂർ സ്റ്റേഡിയം, കല്ലേറ്റുംകരയിലെ കാലിത്തീറ്റ ഫാക്ടറി, കാലടി സംസ്കൃത സർവകലാശാല തുടങ്ങി എണ്ണിയാലൊടുങ്ങാത്ത സ്ഥാപനങ്ങൾക്കാണ് കരുണാകരൻ തുടക്കം കുറിച്ചത്. വേഗത എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കേരളത്തിലെ







ഒരു മുഖ്യമന്ത്രിക്കും ലഭിക്കാത്ത അംഗീകാരം പല കാര്യങ്ങളിലും കരുണാകരന് കേരളത്തിൽ നിന്നും കേന്ദ്രത്തിൽ നിന്നും ലഭിച്ചു. എതിർക്കുന്നവർ പോലും ആദരിക്കുന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിവൈഭവം. ശത്രുക്കൾ എന്നും ലീഡർക്ക് ശക്തി പകർന്നിട്ടേ ഉള്ളൂ. പൊരുതുമ്പോൾ ശത്രുക്കളുടെ ഇരട്ടി ഊർജ്ജം തനിക്ക് ലഭിക്കാറുണ്ടെന്ന് ലീഡർ എന്നും പറയാറുണ്ട്. കേരളത്തിൽ നക്സൽ പ്രസ്ഥാനം അവസാനിപ്പിച്ചത് കരുണാകരന്റെ ഭരണകാലത്തായിരുന്നു. തീവ്രവാദ പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നതിൽ കരുണാകരൻ വിജയിച്ചു. കറുത്ത കണ്ണടയും തൂവെള്ള ജുബ്ബയും കറുത്ത ഷൂസുകളും വേഗതയാർന്ന നടത്തവും ലീഡറെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി.

മതനിരപേക്ഷ പ്രസ്ഥാനത്തിന്റെയും ഉറച്ച വക്താവായിരുന്നു കരുണാകരൻ. രാഷ്ട്രീയ നേട്ടങ്ങൾക്കോ സ്വാർഥലാഭങ്ങൾക്കോ വേണ്ടി ഒരിക്കലും അദ്ദേഹം തന്റെ വ്യക്തിത്വം പണയപ്പെടുത്തിയില്ല. ഗുരുവായൂരപ്പന്റെ ഉത്തമഭക്തനായിരുന്ന അദ്ദേഹം തൃശ്ശൂർ ആർച്ച് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളത്തിന്റെയും



# പി.കെ.വി.


## മാനവികതയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച കമ്മ്യൂണിസ്റ്റ്



**ജി.എസ്. ജയലാൽ** എം.എൽ.എ.

ഭരണാധികാരികൾക്കെതിരെ വ്യത്യസ്താഭിപ്രായങ്ങൾ പുലർത്തുന്നവരെ അപായപ്പെടുത്തുകയും പീഡനങ്ങൾക്കിരയാക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ വിമർശനങ്ങളോടും വിമർശകരോടും പി.കെ.വി.ക്ക് ഉണ്ടായിരുന്ന നിലപാടുകൾ ഏറെ പ്രസക്തമാണ്. നിലപാടുകളിലെ തെറ്റുകൾ തെറ്റായി അംഗീകരിക്കുവാനും അത് തിരുത്തി ശരി തെരഞ്ഞെടുക്കുവാനും അദ്ദേഹം എന്നും തയ്യാറായിരുന്നു.

ആദർശാധിഷ്ഠിതമായ നിലപാടുകളിലുറച്ച് മൂല്യങ്ങളുടെ പ്രസരിപ്പുള്ള വാക്കും പ്രവൃത്തിയും സമന്വയിപ്പിച്ച് ലളിത ജീവിതം മുഖമുദ്രയാക്കി പൊതുപ്രവർത്തനം നടത്തി ജനഹൃദയങ്ങളിൽ ഇടം നേടിയ മഹത്തുക്കളായ നിരവധി ജനനേതാക്കൾ നമുക്കുണ്ട്. മഹിതോദാരമായ ഈ ഗുണവിശേഷങ്ങളെല്ലാം തരിമ്പും കൃത്രിമത്വമേശാതെ നൈസർഗ്ഗികമായ ഭാവവിശേഷങ്ങളുടെ പൂർണ്ണശോഭ പ്രകാശിപ്പിച്ചുകൊണ്ട് ഈ നാടിന്റെ രാഷ്ട്രീയ നഭോമണ്ഡലത്തിൽ നിറഞ്ഞുനിന്ന ജനങ്ങളുടെ പ്രിയപ്പെട്ട നേതാവും കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയുമായിരുന്നു പി.കെ.വി. എന്ന മൂന്നക്ഷരങ്ങളിൽ അറിയപ്പെട്ടിരുന്ന സഖാവ് പി.കെ.വാസുദേവൻ നായർ. എന്നാൽ ശ്രേഷ്ഠമായ ഈ ഗുണവിശേഷങ്ങൾക്കപ്പുറം പി.കെ.വി.യെ മറ്റുള്ളവരിൽ നിന്നും തികച്ചും വ്യത്യസ്തനാക്കുന്ന സ്വകീയമായ മഹത്തായ ചില ഗുണവിശേഷങ്ങൾ അദ്ദേഹത്തിൽ ഉൾച്ചേർന്നിരുന്നു എന്നതാണ് സത്യം. പ്രകാശം പരത്തുന്ന പുഞ്ചിരിയിലൂടെ പ്രകടമായിരുന്ന അദ്ദേഹത്തിന്റെ നന്മ നിറഞ്ഞ മനസ്സ് ആരെയും ആകർഷിക്കുന്നതായിരുന്നു. കുലീനമായ വാക്കും പ്രവൃത്തിയും പുഞ്ചിരിയും പകർന്ന് സൗഹൃദങ്ങളുടെ പൂമരം തീർത്ത





പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് എന്നെപ്പോലെയുള്ള മന്ത്രിമാർക്ക് വേത്ര അവബോധം അന്നുണ്ടായിരുന്നില്ല. അതുകൊണ്ടാണ് പരിസ്ഥിതിയുടെ പേരിൽ സൈലന്റ്‌വാലി പദ്ധതി ഉപേക്ഷിക്കണമെന്ന ആവശ്യമുയർന്നിട്ടും നടപ്പിലാക്കണമെന്ന് ഞങ്ങൾ വാശി പിടിക്കാനിടയായത്.



പി.കെ.വി. ഏവർക്കും സാന്ത്വനവും ആശ്വാസവും ആത്മവിശ്വാസവും ഒരുപോലെയേകിയ മനുഷ്യസ്നേഹിയും മഹാനുഭാവനുമായ ഒരു ജനനേതാവായിരുന്നു.

വ്യവസ്ഥിതിയുടെ സമൂല പരിവർത്തനത്തിനായി നിലകൊള്ളുന്ന കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായാണ് പി.കെ.വി. രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. സംഭവബഹുലമായിരുന്നു ആ ജീവിതം. പി.കെ. വി.യുടെ സമഗ്രമായ ജീവചരിത്രം ഇന്ന് കേരളത്തിന്റെ രാഷ്ട്രീയ യുവത്വത്തിന് മഹത്തായ ഒരു പാഠ്യവിഷയമാണ്. വ്യത്യസ്തങ്ങളായ രാഷ്ട്രീയ നിലപാടുകളെ കാമ്പും കഴമ്പുമുള്ള വാദങ്ങൾ കൊണ്ട് നേരിട്ടും മൂല്യങ്ങളിലും ആദർ ശങ്ങളിലുമെന്നപോലെ മനുഷ്യമോചനത്തിനായുള്ള കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച നിലപാടുകൾ കൈക്കൊണ്ടും എതിരാളികൾ പോലും അംഗീകരിച്ചാദരിക്കുന്ന മഹനീയമായ പ്രവർത്തനങ്ങൾ നടത്തിയും സൗഹൃദത്തിന്റെ വെളിച്ചം ചൊരിഞ്ഞും കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന പി.കെ.വി. കാഴ്ചവച്ച പൊതുപ്രവർത്തനത്തിന്റെ മഹത്തായ ശൈലികളാണ് പൊതുപ്രവർത്തകർ മാതൃകയാക്കേണ്ടതെന്ന് കേരള രാഷ്ട്രീയത്തെ അടുത്തറിയുന്നവരെല്ലാം അഭിമാനത്തോടെ ആഹ്വാനം ചെയ്തിട്ടുണ്ട്. നാടിന്റെ നന്മയ്ക്കുതകുന്ന പുരോഗമനാശയങ്ങളെ എന്നും പുൽകിയിട്ടുള്ള കേരളത്തിന്റെ 'സാർവ്വജനീന കുലീനയുവത്വം' കാലഘട്ടത്തിന്റെ ഈ ആഹ്വാനം ഹൃദയത്തിലേറ്റ് വാങ്ങിയിരിക്കുകയാണ്.

രാഷ്ട്രീയ കൊലപാതകങ്ങളും രാഷ്ട്രീയ അക്രമങ്ങളും നടത്തി ഇതര രാഷ്ട്രീയ വിശ്വാസം ഉള്ളവരെ ശത്രുരാജ്യത്തെ എന്നപോലെ കണ്ടും അക്രമിസംഘങ്ങളെ വളർത്തിയും ഇതര മതവിശ്വാസികളെയും ആശയപ്രചാരകരെയും വ്യത്യസ്താഭിപ്രായങ്ങൾ ഉള്ളവരെയും കൊലപ്പെടുത്തുകയോ രാജ്യദ്രോഹികളായി ചിത്രീകരിക്കുകയോ ചെയ്തും ദളിത് പിന്നാക്ക ജനവിഭാഗങ്ങളെ ക്രൂരമായി തല്ലിക്കൊന്നും അവർക്കെതിരെ അക്രമങ്ങൾ സംഘടിപ്പിച്ചും അഴിമതി അലങ്കാരമാക്കിയും അധികാരം കൊണ്ട് ചരിത്രസത്യങ്ങളെ തിരുത്തിയും ഇതര രാഷ്ട്രീയ പാർട്ടികളെ രാജ്യത്തു നിന്നും നിർമ്മാർജ്ജനം ചെയ്യണമെന്ന നികൃഷ്ട രാഷ്ട്രീയ ലക്ഷ്യങ്ങളോടെ അണികൾക്ക് മുദ്രാവാക്യങ്ങൾ ചമച്ച് നൽകിയും ജാതിമത വർഗ്ഗീയ ചിന്തകൾ പ്രചരിപ്പിച്ച് അധികാരം കൈയാളുന്ന ശക്തികൾ ഇന്ത്യൻ രാഷ്ട്രീയത്തെ ജീർണ്ണതയിൽ എത്തിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിത്. വളർന്നു വരുന്ന ഒരു വിഭാഗം യുവജനങ്ങളെങ്കിലും ഇതാണ് രാഷ്ട്രീയമെന്ന് തെറ്റിദ്ധരിച്ച് ഈയാംപാറ്റകൾ വെളിച്ചത്തിലേക്കെന്ന പോലെ ജീർണ്ണമായ ആ രാഷ്ട്രീയ സംഹിതകളിലേക്ക് ആകർഷിക്കപ്പെടുന്നു. ഈ കാരണങ്ങൾ കൊണ്ട് തന്നെ ഇന്ത്യയിലെ മതേതര ജനാധിപത്യ സമൂഹം സമകാലിക ഇന്ത്യൻ രാഷ്ട്രീയ സ്ഥിതിവിശേഷങ്ങളിൽ കടുത്ത ആശങ്കയിലാണ്. ഈ സാഹചര്യത്തിലാണ് ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും മഹത്തായ കേരള നവോത്ഥാനത്തിന്റെയും ഊർജ്ജം ഉൾക്കൊണ്ട് മൂല്യബോധത്തോടെ സ്വന്തം ജീവിതം പൊതുജനസേവനത്തിനായി സമർപ്പിച്ച് എന്നും ഈ നാടിന് അഭിമാനത്തോടെ ഓർക്കാൻ കഴിയുന്ന മഹത്തായ ഒരു രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്തിയ പി.കെ.വി.യുടെ ജീവിതം ഈ നാടിന്റെ യുവത്വത്തിന് പാഠ്യവിഷയമാകുന്നത് അഥവാ അദ്ദേഹം രൂപപ്പെടുത്തിയ സൗഹൃദത്തിന്റെ പ്രകാശവും മനുഷ്യസ്നേഹത്തിന്റെ മഹത്വവും ചിന്തകളുടെ സൗരഭ്യവും മൂല്യാധിഷ്ഠിതമായ ആദർശങ്ങളുടെ തിളക്കവുമുള്ള രാഷ്ട്രീയ സംസ്കാരം ഈ നാടിന്റെ യുവത്വത്തിന് ആവേശമാകുന്നത്.

പി.കെ.വി.യുടെ ലളിതമായ ജീവിതം, സത്യസന്ധത, കുലീനത്വം എന്നീ സവിശേഷ ഗുണങ്ങൾ അദ്ദേഹത്തെക്കുറിച്ച് അറിയുന്നവരെല്ലാം തന്നെ പരാമർശിച്ചിട്ടുള്ളതാണ്. പി.കെ.വി.യെ ഏറ്റവും ശ്രദ്ധേയനാക്കിയതും ആ സവിശേഷതകളാണ്. ക്രോധത്തിന്റെയോ അസഹിഷ്ണുതയുടെയോ അവഗണിക്കലിന്റെയോ ഉദാസീനതയുടെയോ യാതൊരു ഭാവങ്ങളുമില്ലാതെ എല്ലാവരെയും ഹൃദയപൂർവ്വം ഉൾക്കൊണ്ട് പി.കെ.വി. നടത്തിയ രാഷ്ട്രീയ പ്രവർത്തനങ്ങൾ അത്ഭുതാദര ങ്ങളോടെയാണ് ഞാനടക്കമുള്ള പുതുതലമുറ നോക്കി കാണുന്നത്. മാനവികതയിലൂന്നിയ മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ പി.കെ.വി. എന്നും നന്മയുടെയും ശരിയുടെയും ജനപക്ഷത്ത് നിന്ന ആളാണ്.

ഇപ്പറഞ്ഞതിനർത്ഥം പി.കെ.വി. തീർത്തും വിമർശനാതീതനായിരുന്നു എന്നല്ല. തന്റെ രാഷ്ട്രീയ ജീവിതത്തിൽ ഏറെ വിമർശനങ്ങൾ നേരിട്ടയാളാണ് പി.കെ.വി. എന്നാൽ വിമർശനങ്ങളെയും വിമർശ കരെയും ശത്രുപക്ഷത്ത് നിർത്താൻ ഒരിക്കലും അദ്ദേഹം ശ്രമിച്ചിട്ടില്ല. വിമർശനങ്ങളെ സർവ്വാത്മനാ സ്വീകരിച്ച് ത്യാജ്യഗ്രാഹ്യ വിവേചനബുദ്ധിയോടെ



# വേർപാട്

**പതിനാലാം കേരള നിയമസഭയിലെ അംഗമായിരുന്ന കെ.കെ.രാമചന്ദ്രൻ നായർക്ക് നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ 2018 ജനുവരി 23-ന് ചേർന്ന സഭായോഗത്തിൽ അർപ്പിച്ച ചരമോപചാരം**

"പതിനാലാം കേരള നിയമസഭാംഗമായി നമ്മോടൊപ്പമുണ്ടായിരുന്ന കെ.കെ. രാമചന്ദ്രൻ നായർ 2018 ജനുവരി 14-ന് അന്തരിച്ചു.

അദ്ദേഹം ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം.) പ്രതിനിധിയായാണ് നിയമ സഭാംഗമായത്. ചെങ്ങന്നൂർ ആലയിൽ കെ.പി.കരുണാകരൻ നായരുടെയും ഭാരതിയമ്മയുടെയും മകനായി 1952 ഡിസംബർ 1-ാം തീയതി കെ.കെ.രാമചന്ദ്രൻ നായർ ജനിച്ചു.

വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയരംഗത്ത് സജീവമായ അദ്ദേഹം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നിന്നും പ്രീഡിഗ്രിയും പന്തളം എൻ.എസ്.എസ്. കോളേജിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും തിരുവനന്തപുരം ലാ കോളേജിൽ നിന്ന് നിയമബിരുദവും നേടി. തുടർന്ന് ചെങ്ങന്നൂർ കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു.

തിരുവനന്തപുരം ലാ കോളേജ് യൂണിയൻ ചെയർമാൻ, എസ്.എഫ്.ഐ. ആലപ്പുഴ, തിരുവനന്തപുരം ജില്ലാ കമ്മിറ്റികളിൽ അംഗം, ഡി.വൈ.എഫ്.ഐ. താലൂക്ക് സെക്രട്ടറി, സി.പി.ഐ.(എം.) ചെങ്ങന്നൂർ ഏരിയാ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കൂടാതെ ചെങ്ങന്നൂർ ബ്ലോക്ക് ഡവലപ്മെന്റ് കമ്മിറ്റി, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയുടെ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം 'സർഗ്ഗവേദി' എന്നൊരു സാംസ്കാരിക സംഘടനയ്ക്ക് രൂപം നൽകുകയും സംഘടനയുടെ പ്രസിഡന്റ് പദവി വഹിക്കുകയും ചെയ്തു.

ചെങ്ങന്നൂരിലെ കലാ-സാഹിത്യ സദസ്സുകളിൽ നിറസാന്നിദ്ധ്യമായിരുന്ന കെ.കെ.രാമചന്ദ്രൻ നായർ വായന, സംഗീതം, കഥകളി എന്നിവയിൽ അതീവ തല്പരനായിരുന്നു. ചെങ്ങന്നൂരിന്റെ സമഗ്ര വികസനം സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിയമസഭാ സാമാജികർക്ക് എന്നും മാതൃകയാണ്. രോഗബാധിതനായി ആശുപത്രിയിൽ പ്രവേശിപ്പിക്കുംവരെ മണ്ഡലത്തിൽ ആരംഭിച്ച പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അദ്ദേഹം കഠിനമായി പ്രവർത്തിച്ചു. വരട്ടാർ പുനരുജ്ജീവന പ്രവർത്തനത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച അദ്ദേഹം ആല പഞ്ചായത്തിലെ ഉത്തര പ്പള്ളിയാറിനെ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിക്കാനിരിക്കുകയായിരുന്നു.

ആലപ്പുഴ ജില്ലയിലെ കിഴക്കൻ മേഖലകളിലെ തൊഴിലാളി ബഹുജനപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു. അഭിഭാഷകൻ എന്ന നിലയിലും പൊതുപ്രവർത്തകൻ എന്ന നിലയിലും രാഷ്ട്രീയത്തിന് ഉപരിയായി സ്നേഹവും സൗഹൃദവും പുലർത്തിയ നേതാവായിരുന്നു അദ്ദേഹം. സമര പോരാട്ടങ്ങളിൽ സജീവമായി പങ്കെടുത്ത അദ്ദേഹത്തിന് അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസവും അനുഷ്ഠിക്കേണ്ടതായി വന്നു.

സാധാരണ മനുഷ്യരോട് തോൾചേർന്നുനിന്ന് അവരിലൊരാളായി ജീവിതം നയിച്ച കെ.കെ.രാമചന്ദ്രൻ നായരുടെ നിര്യാണത്തോടെ പ്രഗത്ഭനായ ഒരു സാമാജികനേയും മികവുറ്റ ഒരു പൊതുപ്രവർത്തകനേയും സർവ്വോപരി ഒരു മനുഷ്യസ്നേഹിയേയുമാണ് നമുക്ക് നഷ്ട മായിരിക്കുന്നത്."



# വിമർശനത്തിന്റെ വരകൾ

01 **അബു എബ്രഹാം** (ഇന്ത്യൻ എക്സ്പ്രസ്)

02 **തോമസ്** (ജനയുഗം)

03 **യേശുദാസൻ** (മലയാള മനോരമ)

04 **സുധി**

05 **രാജു നായർ** (ദീപിക)

06 **പി.കെ.മന്ത്രി** (മനോരാജ്യം)

07 **സുജിത്** (കേരള കൗമുദി)

08 **സുജിത്** (കേരള കൗമുദി)

09 **ഗോപീകൃഷ്ണൻ** (മാതൃഭൂമി)

10 **വേണു** (മാധ്യമം)

11 **വേണു** (മാധ്യമം)

12 **വി.ആർ.രാജേഷ്** (മാധ്യമം)

13 **ഷിലിൻ** (കേരള കൗമുദി)

14 **ഒ.വി.വിജയൻ** (മാതൃഭൂമി)

15 **ബി.എം.ഗഫൂർ** (മാതൃഭൂമി)


16 **ബി.എം.ഗഫൂർ** (മാതൃഭൂമി)

17 **ബൈജു** (മലയാള മനോരമ)


18 **സ്വരൺ** (മലയാള മനോരമ)

19 **കെ.ജെ.മാത്യൂ** (മലയാള മനോരമ)

20 **ലാറി ബേക്കർ**




01



10




11



06

ട്രഷറി മിച്ചം സാമ്പത്തിക സ്ഥിതിയുടെ സൂചനയല്ലെന്ന് മാണിയുടെ ധവളപത്രം




08











“അനന്ത മജ്ഞാത മവർണ്ണനീയം
ഈ മാണി ഗോളം തിരിയുന്ന മാർഗ്ഗം...”





വജ്രജൂബിലി ആഘോഷം
ഉദ്ഘാടനം









വജ്രജൂബിലി ആഘോഷം
ഉദ്ഘാടനപരിപാടി–കലാസന്ധ്യ




വജ്രജൂബിലി ആഘോഷം
ഉദ്ഘാടനം



വജ്രജൂബിലി ആഘോഷം
ഉദ്ഘാടനം



വജ്രജൂബിലി ആഘോഷം
ഉദ്ഘാടനപരിപാടി–കലാസന്ധ്യ








വജ്രജൂബിലി ആഘോഷം
ഉദ്ഘാടനപരിപാടി–കലാസന്ധ്യ



കേരള നിയമസഭ
ബജറ്റവതരണം


കേരള നിയമസഭ
ബജറ്റവതരണം
INDIAN





സഖാക്കൾ വിവാഹിതരായപ്പോൾ










കേരള നിയമസഭാ സെക്രട്ടറിയേറ്റ്
വിവരവിഭവ വികസന വിഭാഗം
കേരളം